# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 RNI Reg. No. TNBIL/2016/70171 ISSUE - 5
MAY - 2017 TAMIL & MALAYALAM

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരെ,

ജാമക്കാരൻ മാസിക തുടർന്ന് പ്രസിദ്ധീകരിക്കുവാൻ ദൈവം സഹായിച്ചതിനായി സ്തുതിക്കുന്നു. ആത്മീയജീവിതത്തിൽ വളരുവാൻ ഈ മാസിക വളരെ പ്രയോജനമായിരിക്കുന്നു എന്ന് ധാരാളം പേർ എഴുതിയത് എന്നെ ഉത്സാഹപ്പെടുത്തുന്നു. ഈ വർഷം മാർച്ച് മാസം 14–ാം തിയതി നടന്ന ഒരു പകൽ ഉപവാസപ്രാർത്ഥന മുഖാന്തിരമായി നന്മ അനുഭവിച്ച പലരും തങ്ങളുടെ സാക്ഷി വിവരങ്ങൾ എനിക്കയച്ചുകൊണ്ടിരിക്കുന്നു. ആ സാക്ഷ്യവിവരങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു.

**സാക്ഷ്യം 1 :** മുംബൈയിൽ നിന്ന് ഒരു സഹോദരി ക്യാൻസർ രോഗത്താൽ 14 തവണ കീമോതെറാപ്പി കഴിഞ്ഞ് ഡോക്ടർമാർ സൗഖ്യമായി എന്നറിയിച്ച് കഴിഞ്ഞ ആറു വർഷങ്ങളായി ഒരു ചികിത്സയും ഇല്ലാതെ പഴയ ആരോഗ്യം എനിക്ക് തിരിച്ചുകിട്ടി, കൊഴിഞ്ഞ എന്റെ തലമുടികൾ വളർന്നു, ത്വക്കിലുണ്ടായിരുന്ന പാടുകളെല്ലാം മാറി. പഴയ സൗന്ദര്യം എനിക്ക് കൃപയാൽ ലഭിച്ചു എന്ന് അറിയിച്ചിരുന്നു. പക്ഷേ, രണ്ടു മാസത്തിനു മുൻപ് വീണ്ടും ഒരു മുഴ ഉണ്ടായി. ഡോക്ടർ ഗുളിക തന്നിട്ട് ഈ മുഴ അലിഞ്ഞു പോകും എന്ന് പറഞ്ഞു. പക്ഷേ, ആ മുഴ ആദ്യത്തേക്കാൾ വലുതാകുന്നു എനിക്കു തോന്നി. ഡോക്ടർമാർ ആ മുഴയെ അളന്നു നോക്കി. ആ മുഴയിൽ നിന്നും ഒരു കഷണമെടുത്ത് ബയോപ്സി ടെസ്റ്റിനയച്ചു. മനോരമ ദിനപത്രത്തിലും താങ്കളുടെ മാസികയിലും പരസ്യപ്പെടുത്തിയ മാർച്ച് 14 ലെ ഉപവാസപ്രാർത്ഥനയിലേക്ക് ഈ വിഷയം കുറിപ്പായി അയച്ചിരുന്നു. ഞാനും മുംബൈയിൽ എന്റെ വീട്ടിലിരുന്ന് പുറത്തുപോകാതെ അതേദിവസം ഉപവസിച്ച് ദൈവത്തോട് അപേക്ഷിച്ചു. 14 പ്രാവശ്യം കീമോതെറാപ്പിയിൽ അനുഭവിച്ച വേദന, അതു മുഖാന്തരം എന്റെ കുടുംബം മുഴുവൻ അനുഭവിച്ച ബുദ്ധിമുട്ടികൾ,

ജാമക്കാരൻ JAMAKKARAN

# MAY 2017

ചികിത്സയ്ക്കായി വാങ്ങിയ രൂപയും അതിന്റെ പലിശയും ഓർത്ത് മതി കർത്താവേ, ഞാൻ മടുത്തു. എന്റെ വീട് മരണവീട് പോലെ ആയിപ്പോയല്ലോ, ഇതിലും കൂടുതലായി കുടുംബത്തിലുള്ളവരെ ബുദ്ധിമുട്ടിക്കുവാൻ പാടില്ല, ഡോ.പുഷ്പരാജിനോട് ചേർന്ന് ഞാനും പ്രാർത്ഥിക്കുന്നു എന്ന് ദൈവത്തോട് കെഞ്ചി പ്രാർത്ഥിച്ചു. കഴിഞ്ഞ മാർച്ച് മാസം 24–ാം തിയതി എന്നെ ചികിത്സിച്ച ഡോക്ടറെ കാണുവാൻ പോയി. ബയോപ്സി റിപ്പോർട്ടു വന്നു. അത് ക്യാൻസറിന്റെ മുഴ അല്ല എന്നുള്ള സന്തോഷവാർത്ത എന്നോടു പറഞ്ഞു. അവിടെ വച്ചുതന്നെ ഞാൻ ദൈവത്തെ സ്തുതിച്ചു. ഇനി ഗുളിക ഒന്നും കഴിക്കണ്ട. ഈ മുഴ കൂടുതൽ വലുതായാൽ അതിനെ എടുത്തു കളയാം എന്നു പറഞ്ഞു. 14–ാം തിയതി ചെയ്ത ഉപവാസപ്രാർത്ഥനയ്ക്കു മറുപടിയായി ഈ സന്തോഷവാർത്ത എന്നെ ചികിത്സിച്ച ഡോക്ടർ വഴിയായി ഞാൻ കേട്ടു. ദൈവത്തിന് സ്തോത്രം. 14–ാം തീയതി പ്രാർത്ഥിച്ച ഡോക്ടർക്കും കൂടെ പ്രാർത്ഥിച്ച എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിൽ നന്ദി അറിയിച്ചുകൊള്ളുന്നു.

**സാക്ഷ്യം : 2**

## വ്യത്യസ്തമായ സക്ഷ്യം

ഞാൻ കേരളത്തിലെ പത്തനംതിട്ടക്കാരിയാണ്. ഡോക്ടറുടെ ജാമക്കാരൻ മാസിക കഴിഞ്ഞ 30 വർഷമായി എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ഡോക്ടർ എലന്തൂർ മാർത്തോമാ സഭയിൽ കൺവെൻഷനിൽ പ്രസംഗിച്ചപ്പോൾ കുടുംബമായി മാനസാന്തരപ്പെട്ടവരാണ് ഞങ്ങൾ. കഴിഞ്ഞ അഞ്ചു വർഷങ്ങളായി മറ്റൊരു സഭയിൽ ഞങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നു. അവിടെ അന്യഭാഷ ഉണ്ട്. ഡോക്ടറുടെ മാസിക ഞങ്ങൾ വായിക്കുന്നതുകൊണ്ട് ഞങ്ങളാരും അന്യഭാഷ സംസാരിക്കുന്നില്ല. ഞങ്ങൾ ആത്മീയകമായി കുടുംബമായി വളർന്നു. മക്കൾ രണ്ടുപേർ വടക്കേഇന്ത്യയിൽ ജോലിയായി കുടുംബമായി കഴിയുന്നു. ഞാൻ മരണത്തിന്റെ വാതിൽക്കൽ നിൽക്കുന്ന ഒരു വ്യക്തിയാണ്. കഴിഞ്ഞ അഞ്ചുവർഷങ്ങളായി ക്യാൻസർ രോഗം ബാധിക്കപ്പെട്ടവളായി, മരുന്നുകളൊന്നും കഴിക്കാതെ വിശ്വാസത്താൽ പ്രാർത്ഥനയോടെ കഴിഞ്ഞു. രോഗത്തിന്റെ വേദന വളരെയധികം വർദ്ധിച്ചപ്പോൾ മക്കളെല്ലാവരും ചേർന്ന് എന്നെ മദ്രാസ് അടയാറിലുള്ള ക്യാൻസർ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. നേരത്തെ ചികിത്സ തുടങ്ങാത്തതുകൊണ്ട് രോഗം മൂർച്ഛിച്ച് ശരീരത്തിൽ മൂന്ന് ഇടങ്ങളിൽ വ്യാപിച്ചു വർദ്ധിച്ചുവെന്ന് ഡോക്ടർമാർ പറഞ്ഞു. ഇനി ഇതിന് ചികിത്സ നടത്തുവാൻ കഴിയുകയില്ല എന്നും പറഞ്ഞ് കുറച്ച് ഗുളികയ്ക്ക് എഴുതികൊടുത്തിട്ട് വീട്ടിലേക്ക് പോകുവാൻ പറഞ്ഞു. നല്ല തടിച്ച ശരീരമുണ്ടായിരുന്ന ഞാൻ എല്ലും തോലുമായി ശോഷിച്ചു. ഡോക്ടറുടെ മാസിക ഞാൻ വായിച്ചപ്പോൾ മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവം പ്രാപിച്ച ക്രിസ്ത്യാനികൾക്ക് എന്തുകൊണ്ട് രോഗം വരുന്നു എന്നുള്ള വിവരം വായിച്ചപ്പോൾ മരണഭയം എന്നെ വിട്ടുമാറി. ഡോക്ടറുടെ പ്രസംഗം കേട്ട് മരണത്തിന് ഒരു വ്യക്തി എങ്ങനെ ഇരിക്കണം എന്നുള്ള വിവരം എന്റെ ഓർമ്മയിൽ വന്നു. എന്റെ മക്കളെ എല്ലാവരെയും വിളിച്ച്, പറയേണ്ട കുടുംബ വിവരങ്ങൾ എല്ലാം പറഞ്ഞ്, ആത്മീയ കാര്യങ്ങളെക്കുറിച്ച് എന്റെ മരുമക്കൾ മൂന്നുപേരെയും അടുത്തിരുത്തി ഞാൻ പറഞ്ഞു. മരണം നിങ്ങൾക്ക് ഉറപ്പാണ്. എന്നാലും പിറുപിറുക്കാതെ ജീവിക്കാൻ നിങ്ങളെക്കൊണ്ട് സാധിച്ചുവെന്ന് അവർ എന്നോടു ചോദിച്ച ചോദ്യത്തിന് ഞാൻ ഡോക്ടറുടെ മാസിക അവരുടെ കയ്യിൽ കൊടുത്തു. എന്റെ ഓർമ്മയിലുള്ള വചനങ്ങളും അവരെ പറഞ്ഞു കേൾപ്പിച്ചു.

കാരാഗൃഹത്തിലിരുന്ന് സ്തുതിച്ച ആ ദൈവദാസന്മാരേയും, രക്തസാക്ഷികളായി മരിച്ച മിഷണറിമാരെയുംക്കുറിച്ചു അവരോടു പറഞ്ഞു. യേശു പറഞ്ഞു: ലോകം തരുന്ന വിധത്തിലല്ല ഞാൻ തരുന്നത്. ലോകം തരാത്ത സമാധാനത്തെയാണ് ഞാൻ നിങ്ങൾക്കു തരുന്നു എന്ന് പറഞ്ഞ വാക്കുകൾ ഞാൻ അവരോടു പറഞ്ഞു. ഇത് ഞാൻ പറയുമ്പോൾ മരണത്തിന് ദിനങ്ങളെയും നിമിഷങ്ങളെയും എണ്ണിക്കൊണ്ടിരുന്നു. മാർച്ച് 14-ാം തിയതിയിലെ ഉപവാസപ്രാർത്ഥനയിൽ ആ ദിവസത്തിൽ ഞാനും പ്രാർത്ഥിച്ചു. രോഗം സൗഖ്യമാകുവാൻ വേണ്ടിയല്ല ഞാൻ പ്രാർത്ഥിച്ചത്. മരണത്തോടു അടുക്കുന്ന നിമിഷത്തിലും പിറുപിറുക്കാതെ എന്നെ രക്ഷിച്ച ദൈവത്തെ ഓർത്ത് സ്തുതിച്ചുകൊണ്ട് എന്റെ ആത്മാവിനെ എന്റെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കണം ഇതാണ് എന്റെ അപേക്ഷ. ഇതാണ് എന്റെ പ്രതീക്ഷ. ഡോക്ടറേ, എന്റെ മക്കൾ എന്നെ വടക്കേ ഇന്ത്യയിലേക്കു കൂട്ടിക്കൊണ്ടുപോയി. മക്കളെല്ലാവരും അവിടെ സെറ്റിൽ ആയതുകൊണ്ട് അവിടെ എന്നെ കൊണ്ടുപോകാമെന്നു പറഞ്ഞപ്പോൾ ഞാൻ തടഞ്ഞില്ല.

എവിടെ എന്നെ കുഴിച്ചിട്ടാലും എന്റെ ആത്മാവ് എന്റെ ദൈവത്തിന്റെ കൈകളിൽ എത്തിച്ചേരും എന്നുള്ള ഉറപ്പ് എനിക്കുണ്ട്.

ഞങ്ങളുടെ മുഴുവൻ കുടുംബത്തെയും 25 വർഷങ്ങൾക്കു മുൻപ് എലന്തൂരിൽ വച്ച് ആത്മീയ ഉപദേശങ്ങൾ നൽകി രക്ഷയുടെ പാതയിലേയ്ക്ക് വഴിനടത്തിയ ഡോക്ടർക്ക് നന്ദി. ഡോക്ടറെ ഒരു ഉപകരണമായി ഞങ്ങളുടെ മാർത്തോമാ സഭയിലേയ്ക്ക് അയച്ച ദൈവത്തിന് നന്ദി.

മാർച്ച് 14-ാം തീയതി ഡോക്ടർ നടത്തിയ ഉപവാസപ്രാർത്ഥന **എന്നെ സൗഖ്യപ്പെടുത്തിയില്ല.** എന്നാൽ, എന്റെ ആത്മാവിന് വലിയ ബലം തന്നു. മരണത്തിന് ഒരുങ്ങുവാൻ അത് എന്നെ വളരെ ധൈര്യപ്പെടുത്തി. എന്റെ മക്കളിൽ ഒരു മരുമകൾക്കുവേണ്ടി ഡോക്ടർ പ്രത്യേകം പ്രാർത്ഥിക്കണം. ഏതു നിമിഷത്തിൽ ഞാൻ മരിച്ചാലും എന്റെ മക്കൾ ആദ്യം ഡോക്ടറെ വിവരം അറിയിക്കും. ദൈവത്തിന് സ്തുതി എപ്പോഴും എപ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ.

**കുറിപ്പ് :** എന്റെ പ്രിയ ജാമക്കാരൻ വായനക്കാർക്ക് മുകളിൽ വായിച്ച വ്യത്യസ്തങ്ങളായ രണ്ടു സാക്ഷ്യങ്ങളും നിങ്ങളുടെ ജീവിതത്തിൽ അനുഭവമായി കൊണ്ടുവരണം. ഒരു സാക്ഷി ദൈവം അത്ഭുതം ചെയ്യുമെന്ന് ഉണർത്തുന്നു. മറ്റൊരു സാക്ഷി മരണത്തിന്റെ വാതിലിനടുത്തിരുന്നാലും മരണം ഉറപ്പാണെന്നറിഞ്ഞാലും 14-ാം തിയതി ഉപവാസപ്രാർത്ഥനയിൽ രോഗസൗഖ്യത്തിന്റെ അത്ഭുതത്തെ അനുഭവിക്കുവാൻ ദൈവം അവസരം നൽകാതെ സൗഖ്യമാകാത്ത രോഗത്തിന്റെ ഇടയിലും ദൈവത്തെ സ്തുതിക്കുവാൻ 14-ാം തിയതിയിലെ ഉപവാസപ്രാർത്ഥന അവളെ സഹായിച്ചു.

**"മനസ്സോടെയല്ലല്ലോ ദൈവം മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്." (വിലാപങ്ങൾ 3:33).**

ദൈവകൃപ നാം എല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

**Dr.പുഷ്പരാജ്**

# അപ്പോസ്തലനായ പത്രോസ് : ഒരു ലഘുപഠനം

പത്രോസ് അപ്പോസ്തലനെക്കുറിച്ചു ചിന്തിക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്ന മൂന്നു വേദഭാഗങ്ങളുണ്ട്. അവ ഉദ്ധരിച്ചുകൊണ്ട് നമ്മുടെ പഠനം ആരംഭിക്കാമെന്ന് കരുതുന്നു.

1. നീ പത്രോസ് ആകുന്നു.....(മത്തായി 16:18)

2. ശീമോൻ പത്രോസ് തീ കാഞ്ഞുകൊണ്ട് നിൽക്കുമ്പോൾ: നീയും അവന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്നു ചിലർ അവനോട് ചോദിച്ചു. അല്ല എന്ന് അവൻ മറുത്തുപറഞ്ഞു. മഹാപുരോഹിതന്റെ ദാസന്മാരിൽ വച്ച് പത്രോസ് കാതറുത്തവന്റെ ചാർച്ചക്കാരനായ ഒരുത്തൻ ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടില്ലയോ എന്നു പറഞ്ഞു. പത്രോസ് പിന്നെയും മറുത്തുപറഞ്ഞു. (യോഹന്നാൻ 18:25–26).

3. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി....അപ്പോൾ പത്രോസ് പതിനൊന്നു പേരോടു കൂടി നിന്നുകൊണ്ട് ഉറക്കെ അവരോടു പറഞ്ഞത് : യഹൂദാപുരുഷന്മാരും യരുശലേമിൽ പാർക്കുന്ന എല്ലാവരുമായുള്ളോരേ, ഇതു നിങ്ങൾ അറിഞ്ഞിരിക്കട്ടെ; എന്റെ വാക്കു ശ്രദ്ധിച്ചുകൊള്ളുവിൻ... എല്ലാവർക്കും ഭയമായി. (അപ്പോ 2:4,14,43).

മേലുദ്ധരിച്ചവയിൽ രണ്ടും മൂന്നും ഭാഗങ്ങൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ നമുക്ക് ഒന്നാമത്തെ ഉദ്ധരണിയുടെ അർത്ഥം പൂർണ്ണമായി മനസ്സിലാകും. രണ്ടാമത് ഉദ്ധരിച്ച ഭാഗത്ത് ഭീരുവും ദുർബലനുമായ ഒരു പത്രോസിനെയാണ് നാം കാണുന്നത്. എന്നാൽ മൂന്നാമത്തെ ഭാഗത്ത് ധൈര്യവും ഉറപ്പുമുള്ളവനായ പത്രോസിനെയാണ് നാം കാണുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ **ഒരു ഞാങ്ങണപോലെ ദുർബലമായ പത്രോസ്, പാറപോലെ ഉറപ്പുള്ളവനായി മാറുന്ന കാര്യമാണ് നാം പെന്തക്കോസ്തു ദിനത്തിൽ ദർശിക്കുന്നത്.**

തന്റെ ശിഷ്യത്വത്തിന്റെ ആരംഭഘട്ടത്തിൽ, പത്രോസ്, സദാ ഇളകിക്കൊണ്ടിരിക്കുന്ന സമുദ്രം പോലെയുള്ള ഒരു മനസ്സിനുടമയായിരുന്നു. എന്നാൽ തന്റെ മേൽ പരിശുദ്ധാത്മാഭിഷേകം ഉണ്ടായതിനു ശേഷം പത്രോസ് പാറപോലെ ഉറപ്പുള്ളവനായിത്തീർന്നു. ഈ കാരണം കൊണ്ടുതന്നെ പത്രോസിന്റെ സ്വഭാവത്തെക്കുറിച്ചുള്ള പഠനം രസകരമായ ഒന്നായി മാറുന്നു.

യേശുവിന്റെ ശിഷ്യന്മാരിൽ പത്രോസ് അഗ്രഗണ്യനായിരുന്നു. പെട്ടെന്നു ഉത്തരം നൽകുവാൻ പ്രാപ്തനാണ് പത്രോസ് എന്ന് യേശു അറിഞ്ഞിരുന്നതുകൊണ്ട് ഉത്തരം പറവാൻ ബുദ്ധിമുട്ടുള്ള പല ചോദ്യങ്ങളും യേശു പത്രോസിനോടാണ് ചോദിച്ചിരുന്നത്. കരം കൊടുക്കുന്നത് സംബന്ധിച്ച് ചോദ്യം തന്നെ ഈ വസ്തുത വ്യക്തമാക്കുന്നു....ശിമോനെ നിനക്ക് എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമോ കരമോ ആരോടു വാങ്ങുന്നു? പുത്രന്മാരോടോ അന്യരോടോ എന്നു മുന്നിട്ടു ചോദിച്ചതിന്: അന്യരോട് എന്നവൻ പറഞ്ഞു. (മത്തായി 17:25).

മറ്റൊരിക്കൽ തന്നെക്കുറിച്ച് ജനങ്ങൾ, വിശിഷ്യ ശിഷ്യന്മാർ, എന്തു പറയുന്നു എന്നറിവാൻ യേശു ആഗ്രഹിച്ചു. ഇതു സംബന്ധിച്ച ചോദ്യവും പത്രോസിനോട് തന്നെയാണ് യേശു ചോദിച്ചത്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു (മത്തായി 16:16) എന്ന് മനോഹരവും വ്യക്തവുമായ മറുപടി പത്രോസ് നല്കുന്നതായി നാം കാണുന്നു.

ഈ ഉത്തരം യേശുവിനെ അതീവ സന്തുഷ്ടനാക്കി. തുടർന്നു പത്രോസിന്റെ ഉള്ളിലുള്ള ആത്മീയ ചൈതന്യത്തെ യേശു പ്രകീർത്തിക്കുന്നു. തന്റെ ജീവിതത്തിലെ പരമപ്രധാനവും അതിശ്രേഷ്ഠവുമായ ഈ ഏറ്റുപറച്ചിലിനു ശേഷമാണ്. യോഹ 18–ലും അപ്പോ.പ്ര –2 ലും പറയുന്ന സംഭവങ്ങൾ നടക്കുന്നത്. വീണ്ടും നമുക്ക് ആ ഭാഗങ്ങളിലൂടെ ഒന്നു കണ്ണോടിക്കാം.

ഒരു വേലക്കാരി പെൺകുട്ടിയുടെ മുന്നിൽ സത്യം പറയുവാൻ ധൈര്യമില്ലാത്ത പേടിത്തൊണ്ടനായ ഒരുവനായിട്ടാണ് നാം പത്രോസിനെ കാണുന്നത്. എന്നാൽ ഈ ഭീരു ഏതാനും നാളുകൾക്കുള്ളിൽ ഒരു മഹാസഭക്കു മുൻപാകെ അവിടെ കൂടിയിരിക്കുന്ന മൂവായിരത്തോളം പേരുടെ മുഖത്തു നോക്കിക്കൊണ്ട് നെഞ്ചുറപ്പോടെ യേശുവിലുള്ള തന്റെ അചഞ്ചലമായ വിശ്വാസം പ്രഖ്യാപിക്കുന്നതായിട്ടാണ് നാം പ്രവൃത്തികളുടെ പുസ്തകം 2–ാം അദ്ധ്യായത്തിൽ വായിക്കുന്നത്. തുടർന്ന് 4–ാം അദ്ധ്യായമാകുമ്പോൾ യഹൂദപ്രമാണിമാരും മൂപ്പന്മാരും ശാസ്ത്രിമാരും മഹാപുരോഹിതന്മാരും സംഘവും അടങ്ങിയ വലിയ ഒരു കൂട്ടത്തോട് ദൈവത്തേക്കാൾ അധികം നിങ്ങളെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമോ എന്നു വിധിപ്പിൻ. ഞങ്ങൾക്കോ ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല എന്ന് ഉറച്ച സ്വരത്തിൽ പ്രഖ്യാപിക്കുവാനും (അപ്പൊ.പ്ര. 4:19) പത്രോസിനു ധൈര്യമുണ്ടായി. രണ്ടു സന്ദർഭങ്ങളും തമ്മിലുള്ള അന്തരം ശ്രദ്ധേയമല്ലേ?

മർക്കോസിന്റെ സുവിശേഷം 1–ാം അദ്ധ്യായം 18–ാം വാക്യത്തിൽ പത്രോസ് തന്റെ വള്ളവും വലയും ഉപേക്ഷിച്ച് യേശുവിനെ അനുഗമിക്കുന്നതായി കാണുന്നു. വലിയ ഒരു ത്യാഗിയേയാണ് തന്റെ ജീവിതമാർഗ്ഗം ഉപേക്ഷിച്ചു പോരുന്ന ഈ പത്രോസിൽ കാണുന്നത്. എന്നാൽ ഇതിനു ഘടകവിരുദ്ധമായ സ്വഭാവമാണ് പത്രോസ് മത്തായി 19 ന്റെ 27–ൽ പ്രകടിപ്പിക്കുന്നത്. തൻ കാര്യക്കാരനും ലാഭേച്ഛയുള്ളതുമായ ഒരുവനെപ്പോലെയാണ് ഇവിടെ പത്രോസിന്റെ പെരുമാറ്റം. പത്രോസിന്റെ ചോദ്യം ശ്രദ്ധിക്കുക. ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും?

മത്തായിയുടെ സുവിശേഷം 16–ാം അദ്ധ്യായം 16–ാം വാക്യവും യോഹന്നാൻ 6–ന്റെ 68–ഉം അത്യുന്നതനായ ദൈവത്തിന്റെ പുത്രനാണ് യേശു എന്ന വ്യക്തമായ കാഴ്ചപ്പാട് പത്രോസിനുണ്ടായിരുന്നു എന്നതിനു മതിയായ തെളിവാണ്. എന്നാൽ പ്രായേണ നിസ്സാരമായ ഒരു പ്രശ്നത്തിനു മുമ്പിൽ പത്രോസ് പതറുന്നതായി 18–ന്റെ 15 ൽ നാം വായിക്കുന്നു. അസൂയാർഹമായ ആത്മീയ ഉൾക്കാഴ്ചയും സഹതാപമർഹിക്കുന്ന ആത്മീയ അന്ധതയും വ്യത്യസ്ത സന്ദർഭങ്ങളിൽ പത്രോസ് പ്രകടിപ്പിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ ദൈവീകത്വത്തെക്കുറിച്ച് തനിക്കുള്ള അചഞ്ചലമായ വിശ്വാസം രണ്ടവസരങ്ങളിൽ (മത്തായി 16:16, യോഹ 6:68) ഉറക്കെ പ്രഖ്യാപിക്കുന്ന അതേ പത്രോസ് രണ്ടു പ്രാവശ്യം (മർക്കൊ 16:16, യോഹ 18:16) യേശുവിനെ തള്ളിപ്പറയുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ

വൈരുദ്ധ്യങ്ങളുടെ ഒരു കലവറ തന്നെയായിരുന്നു പത്രോസിന്റെ സ്വഭാവം.

മേൽക്കൊടുത്ത ചിന്തകളുടെ വെളിച്ചത്തിൽ നമുക്കു പത്രോസിനെ കുറ്റം വിധിക്കുവാൻ തോന്നുക സ്വാഭാവികമാണ്. പക്ഷെ സ്വഭാവവിശകലനത്തിന്റെ ഉദ്ദേശ്യം അതല്ല.

മറ്റൊരാളിന്റെ സ്വഭാവം വിശകലനം, ചെയ്യുന്നതുവഴി നമ്മുടെ സ്വഭാവത്തേയും വിലയിരുത്തുവാൻ കഴിയണം. മറ്റുള്ളവരിലെ കുറവുകൾ കാണുമ്പോൾ അവ നമ്മിലും ഉണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. അവരുടെ സ്വഭാവത്തിലുള്ള സദ്ഗുണങ്ങൾ അനുകരിക്കുവാൻ ശ്രമിക്കണം. അത്തരമൊരു സമീപനം നമ്മുടെ പഠനങ്ങളിലൂടെ ഉണ്ടാവണം.

നിങ്ങളുടെ ശ്രദ്ധയ്ക്ക്

# On Line കാണിയ്ക്ക (OFFERING)

നേരത്തെ ഞാൻ അറിയിച്ചിരുന്നതുപോലെ On Line വഴി കാണിയ്ക്ക (Offering) അയയ്ക്കുന്നവരുടെ പേര് ബാങ്ക് പാസ്ബുക്കിൽ വരുന്നില്ല. ചില ബാങ്കുകളിൽ പേര് കാണപ്പെടുന്നു.

പണം അയക്കുന്നവരുടെ പേരും വിലാസവും അറിയാത്തതുകൊണ്ട് പണം കിട്ടിയ വിവരത്തെ പണം അയച്ചവരെ അറിയിക്കുവാൻ കഴിയാതെ പോകുന്നു.

രസീതും അയയ്ക്കുവാൻ സാധിക്കുന്നില്ല. ചില വായനക്കാരിൽ രസീതു വേണ്ടായെന്ന് അറിയിച്ചവരും ഉണ്ട്. ഓൺലൈനിൽ കാണിയ്ക്ക അയച്ചവർ അതിന്റെ വിവരത്തെ എനിയ്ക്ക് ഇ–മെയിൽ വഴി ആയോ കത്തു മുഖനേയോ അറിയിച്ചാൽ വളരെ ഉപകാരമായിരിക്കും.

അതിൽ അയച്ചവരുടെ പേര്, സേലത്തിൽ ഏതു ബാങ്കിലേയ്ക്കാണ് ആ പണം അയച്ചത്, എന്നും എത്ര രൂപ അയച്ചു, ഏത് തീയതിൽ അയച്ചു എന്നും വ്യക്തമായിട്ട് എഴുതി ഒപ്പം നിങ്ങളുടെ മൊബൈൽ നമ്പരും എഴുതി അയച്ചാൽ വളരെ ഉപകാരമായിരിക്കും.

പണം എനിക്കു കിട്ടിയ വിവരത്തെക്കുറിച്ച് നിങ്ങൾക്ക് രസീത് അയ്ക്കാതിരുന്നാലും ഫോൺ മുഖേനയെങ്കിൽ ആ വിവരം നിങ്ങളെ അറിയിക്കുവാൻ എനിക്കു സാധിക്കും. ഒപ്പം നിങ്ങളുടെ വിവരങ്ങൾ അന്വേഷിക്കുവാനും ഫോൺ മുഖേന നിങ്ങൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുവാനും സാധിക്കുമല്ലോ. നിങ്ങൾ പ്രാർത്ഥനയോടും ഭാരത്തോടും ദൈവവേലയ്ക്കു വേണ്ടി നിങ്ങളയച്ച പണം എനിക്കു കിട്ടിയ വിവരം നിങ്ങളെ അറിയിക്കാതിരിക്കുന്നത് എന്റെ മനസ്സിന് സങ്കടം തോന്നും. അതുകൊണ്ട ഈ വിഷയത്തിൽ നിങ്ങൾ എന്നോടു ദയവായി സഹകരിക്കണം എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. **ഡോ.പുഷ്പരാജ്**

# ശ്രദ്ധയ്ക്ക്

ഡോ.പുഷ്പരാജ് എന്ന എനിക്ക് വാട്ട്സ് ആപ്, ഫെയ്സ്ബുക്ക്, ടിറ്റർ തുടങ്ങി ഒരു സോഷ്യൽ മീഡിയയിലും അക്കൗണ്ട് ഇല്ല എന്ന വിവരം ഇതിനാൽ അറിയിക്കട്ടെ. എന്റെ പേരിലോ ജാമക്കാരന്റെ പേരിലോ എന്തെങ്കിലും പോസ്റ്ററുകൾ കണ്ടാൽ ഉടനെതന്നെ എന്നെ അറിയിക്കേണമേ......

# ചരിത്രം സൃഷ്ടിക്കുവാൻ ഒരുങ്ങുവിൻ

ഗംഭീരവും വിവാദകരവുമായ മാറ്റങ്ങളും സാഹചര്യങ്ങളും നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. വിജ്ഞാനമേഖലകളിലും, വ്യവസായ, ആരോഗ്യ മേഖലകളിലും, ബഹിരാകാശ കണ്ടുപിടിത്തങ്ങളിലും പല അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും പുതിയ, പുതിയ വിഷയങ്ങളെ കണ്ടുപിടിക്കുന്നു. ഇന്നലെ ഉണ്ടായ അത്ഭുതങ്ങൾ ഇന്നു സാധാരണയായി മാറിയിരിക്കുന്നു.

'The men who made our world' എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും പ്രധാനമായ കണ്ടുപിടിത്തങ്ങൾ സൃഷ്ടിച്ച 25 ഗവേഷകരുടെ ജീവിതചരിത്രം അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബൾബ് കണ്ടുപിടിച്ച തോമസ് ആൽവാ എഡിസൻ തുടങ്ങി, സൂര്യനല്ല, ഭൂമിയാണ് ചുറ്റുന്നത് എന്നു കണ്ടുപിടിച്ച ഗലീലിയോ, ടി.വി കണ്ടുപിടിച്ച ബയാർഡ്, ഐസക്ക്ന്യൂട്ടൺ, ഐൻസ്റ്റീൻ എന്നിങ്ങനെ അനേകം പേരുടെ ചരിത്രം അതിൽ ഉണ്ടായിരുന്നു. അതിൽ നിന്നും മനസ്സിലാക്കുന്നത് തുടർച്ചയായുള്ള പരിശ്രമമാണ് ഇതൊക്കെ കണ്ടുപിടിക്കാൻ അവരെ സഹായിച്ചത് എന്നാണ്. ഉദാഹരണത്തിന് തോമസ് ആൽവാ എഡിസൻ ഇലക്ട്രിക് ബൾബ് കണ്ടുപിടിക്കുന്നതിനു മുമ്പ്, പല വ്യത്യസ്തമായ വാതകങ്ങൾ ബൾബിൽ നിറച്ച് പരിശോധന നടത്തി. അതൊക്കെയും പരാജയമായി. ആ സമയം ഒരാൾ അദ്ദേഹത്തോട് : 'എത്ര പരിശ്രമിച്ചിട്ടും പരാജയപ്പെട്ടുവല്ലോ." എന്നു കളിയാക്കി പറഞ്ഞു. അതിന് എഡിസൻ പറഞ്ഞ മറുപടി, 'തീർച്ചയായും ഇല്ല! ഇപ്പോൾ ഇത്രയും നേരം ഉപയോഗിച്ച വാതകങ്ങളൊന്നും പ്രയോജനമാവില്ലെന്നും, ഇനി വേറെ വാതകങ്ങൾ നിറയ്ക്കണമെന്നും മനസ്സിലാക്കി' എന്നു പറഞ്ഞ്. അദ്ദേഹം മറ്റൊരു വാതകം നിറച്ച് ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ചു. 'വെളിച്ചം ഉണ്ടാകട്ടെ' എന്ന ദൈവത്തിന്റെ വാക്ക് ഓർമ്മിപ്പിച്ചു.

സർ ഐസക് ന്യൂട്ടന്റെ കണ്ടുപിടിത്തങ്ങൾ സാധാരണക്കാർക്കുപോലും മനസ്സിലാകും. എന്നാൽ ഐൻസ്റ്റീന്റെ കണ്ടുപിടിത്തങ്ങൾ ആർക്കും മനസ്സിലാവില്ല. ഗവേഷകർക്കുപോലും മനസ്സിലാവില്ല. അതുകൊണ്ടാണ് രണ്ടുപേരെക്കുറിച്ചും ഇങ്ങനെ എഴുതിയിരിക്കുന്നത്. 'ന്യൂട്ടൺ ജനിച്ചപ്പോൾ ദൈവം വെളിച്ചം ഉണ്ടാവട്ടെ' ഐൻസ്റ്റീൻ ജനിച്ചപ്പോൾ സാത്താൻ 'ഇരുൾ ഉണ്ടാവട്ടെ' എന്നു പറഞ്ഞിരിക്കാം എന്നതായും എഴുതിയിരിക്കുന്നു.

ഇവരുടെയൊക്കെ ജീവിതത്തിലൂടെ ഞാൻ മനസ്സിലാക്കിയ പ്രധാന പാഠം, എന്തെങ്കിലും നേടണമെന്ന ആവേശവും, വൈരാഗ്യവും ദാഹവുമാണ്. അവരെ ഉന്നതരാക്കിയത്. എന്തിനാണ് ബഹിരാകാശത്തെ കുറിച്ച് കണ്ടുപിടിക്കുന്നത് – എന്ന് ചോദിച്ചപ്പോൾ ഒരു ഗവേഷകൻ പറഞ്ഞ മറുപടി, ഭൂമിയിലുള്ള തറ, മല, താഴ്‌വര, കടൽ എന്നിങ്ങനെ ഓരോഭാഗവും ഗവേഷണം നടത്തി കഴിഞ്ഞു. ഇനി പരീക്ഷണം ചെയ്യുവാൻ, ഭൂമിയിലൊന്നും ഇല്ലാത്തതുകൊണ്ടാണ് ബഹിരാകാശത്തെ കുറിച്ച് പഠിക്കാൻ തുടങ്ങിയത്. ബഹിരാകാശമാണ് ഞങ്ങളുടെ അവസാനം എന്നു പറഞ്ഞത്രെ.

പുതിയ കാര്യങ്ങൾ കണ്ടുപിടിക്കാൻ ഈ ശാസ്ത്രജ്ഞന്മാർക്കുള്ള ആവേശത്തെക്കുറിച്ച് ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ഏതു ജോലി ചെയ്താലും താല്പര്യത്തോടെ ചെയ്യാൻ പഠിക്കണം. നമുക്കിഷ്ടമുള്ള ജോലി ചെയ്യുന്നതിനെക്കാളും നമുക്കു തന്നിട്ടുള്ള ജോലി ഇഷ്ടത്തോടുകൂടി ചെയ്യുന്നതാണ് നല്ലത്.

## ഒരു കാര്യം നേടിയെടുക്കുന്നതിനു മുമ്പു നാം നേരിടേണ്ട മൂന്നു ഘട്ടങ്ങൾ

19–ാം നൂറ്റാണ്ടിൽ രൂപപ്പെട്ട ഏറ്റവും വലിയ സംഘടനയായ "രക്ഷാസൈന്യത്തെ" രൂപപ്പെടുത്തിയ സഹോ.വില്യം ബൂത്ത് ഒരിക്കലിങ്ങനെ പറഞ്ഞു: "ദൈവത്തിനു വേണ്ടി വലിയ കാര്യങ്ങൾ ചെയ്യുവാൻ കൊതിക്കുന്ന മനുഷ്യരെയാണ് ദൈവം ഏറ്റവുമധികം സ്നേഹിക്കുന്നത്." ചൈനയിലെ ഗ്രാമങ്ങളിൽപ്പോലും ക്രൂശിന്റെ കൊടിപറക്കാൻ കാരണമായ – ഹഡ്സൻ ടെയ്ലർ ഇപ്രകാരം പറയുന്നു ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന ഏതൊരു കാര്യത്തിലും താഴെയുള്ള മൂന്നു ഘട്ടങ്ങൾ ഉണ്ടായിരിക്കും. ആദ്യം ഇത് ചെയ്യാൻ സാധിക്കില്ല എന്ന് തോന്നും. രണ്ടാമതായി അത് വളരെ പ്രയാസമുള്ള പണിയാണെന്നു തോന്നും. മൂന്നാമത്തെ ഘട്ടത്തിൽ അത് ചെയ്ത് കഴിഞ്ഞിരിക്കും.

ഹഡ്സൺ ടെയ്ലർ തന്റെ ജീവിതത്തിൽ ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്ന പ്രധാന കാര്യം. "ജീവിക്കുന്ന ദൈവം നമ്മോടുകൂടെയുണ്ട്. ദൈവം തന്റെ വാക്ക് നമുക്ക് അരുളിചെയ്തിരിക്കുന്നു. പറഞ്ഞ വാക്ക് പാലിക്കുവാൻ ദൈവം ശക്തനായിരിക്കുന്നു. ദൈവം അത് നിറവേറ്റുകതന്നെ ചെയ്യും" എന്നാണ്. ഇപ്രകാരം വേദവാഗ്ദാനങ്ങളെ, തന്റെ വിശ്വാസം കൊണ്ടു നേടിയെടുത്ത് അദ്ദേഹം ചരിത്രത്തിൽ കയറിപ്പറ്റിയിരിക്കുന്നു.

## ഡി.എൽ.മൂഡി എന്ന സുവിശേഷകന്റെ പ്രത്യേക കഴിവുകൾ

ഡി.എൽ.മൂഡി ഒരിക്കൽ തന്റെ കൂട്ടുകാരനോട് "എന്റെ പക്കൽ അതിശയിപ്പിക്കും വിധം കഴിവുകളൊന്നുമില്ല, എന്നാൽ ദൈവത്തിനു വേണ്ടി ജീവിക്കണമെന്നുള്ള അതിയായ ആഗ്രഹമാണ് എനിക്കുള്ളത്." എന്ന് പറഞ്ഞു. നമ്മുടെ സഭയുടെ പാരമ്പര്യം തിരിഞ്ഞുനോക്കുകയാണെങ്കിൽ തങ്ങളെക്കൊണ്ടു സാധിക്കാത്ത കാര്യങ്ങൾ, ചെയ്യാൻ കൊതിച്ച പല പുരുഷന്മാരും സ്ത്രീകളും എത്ര കഠിന പാതയിലൂടെ കടന്നുവന്നതെന്ന് ശ്രദ്ധിക്കാൻ മറക്കരുത്. ദൈവത്തിനു വേണ്ടി വലിയ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നവർ കൊടുക്കേണ്ടതായ ഒരു വിലയുണ്ട്.

തങ്ങളെക്കൊണ്ട് സാധിക്കാത്ത പല കാര്യങ്ങളും ചെയ്യുവാൻ ഒരുങ്ങിയ അനേകംപേരുടെ ജീവിതചരിത്രവും, ലക്ഷ്യങ്ങൾ നേടാൻ അവരനുഭവിച്ച കഷ്ടപ്പാടുകളും, പ്രയാസങ്ങളും ബൈബിളിൽ നാം വായിക്കാറുണ്ട്. നമ്മുടെ ക്രിസ്തീയ ജീവിതം എല്ലാറ്റിനും ഒരുങ്ങിയ അസാധാരണമായ ജീവിതമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എബ്രായർ ലേഖനം 11–ാം അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വിശ്വാസപുരുഷന്മാരുടെയും, സ്ത്രീകളുടെയും ജീവിതചരിത്രം ഒരു ദീപസ്തംഭം പോലെ നമ്മുടെ ജീവിതത്തിൽ തെളിഞ്ഞു കാണണം.

## ചരിത്രം സൃഷ്ടിക്കുവാൻ ഒരുങ്ങുവിൻ

പരീക്ഷണങ്ങളെ ഉയർച്ചകളായും, പരാജയങ്ങളെ വിജയമായും കൂരിരുളിനെ വെളിച്ചമായും മാറ്റിയ വിശ്വാസ വീരന്മാരാണ് ഇന്നത്തെ ദൈവസഭയുടെ ചരിത്രത്തെ രൂപപ്പെടുത്തിയവർ. എന്നാൽ,

നാളത്തെ ചരിത്രത്തെ സൃഷ്ടിക്കുവാനുള്ള ഉത്തരവാദിത്തം നിങ്ങളുടെ കയ്യിലാണുള്ളത്. ചരിത്രത്തിൽ നീ കയറി പറ്റണമെങ്കിൽ ദൈവത്തിനായി വലിയ കാര്യങ്ങൾ നീ ചെയ്യാനാഗ്രഹിച്ചാൽ, നീ കടന്നുപോകേണ്ട കുറെ പ്രയാസമുള്ള വഴികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**ദൈവത്തിനുവേണ്ടി എന്തും ചെയ്യുവാൻ ആദ്യം വേണ്ടത് ദൈവത്തെ മനസ്സിലാക്കുവാനുള്ള അറിവാണ്.**

ദൈവത്തെ അറിയുന്ന ജനം ഉറച്ചുനിന്നു വീര്യം പ്രവർത്തിക്കും (ദാനിയേൽ 11:32)

മുകളിലുള്ള ബൈബിൾ വചനം ദാനിയേൽ 11:32–ാം വചനത്തിന്റെ ശരിയായ വിവർത്തനം 'ദൈവത്തെ അറിയുന്ന ജനം ദൈവത്തിനുവേണ്ടി പരാക്രമം ചെയ്യും.' ഇതേ ദാനിയേൽ പുസ്തകത്തിൽ ദാനി 12:4 അന്ത്യകാലത്ത് മനുഷ്യരുടെ ജ്ഞാനം വർദ്ധിക്കും എന്ന് എഴുതിയിരിക്കുന്നു. അതെ! ഈ 21–ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ഈ ജ്ഞാനം വർദ്ധിക്കും എന്ന സത്യം മറ്റെല്ലാകാലങ്ങളിൽ നിന്നും വ്യത്യസ്തമായും യാഥാർത്ഥ്യമായും കാണുന്നു. ജ്ഞാനം എന്നാൽ കഴിവ്, ശക്തി knowledge-Power എന്നർത്ഥമുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

നമ്മുടെ ചുറ്റും എല്ലാ മേഖലകളിലും ജ്ഞാനം പടർന്നു പന്തലിച്ചുകൊണ്ടിരിക്കുന്നു. knowledge information explosion എന്ന കാര്യം നാം മനസ്സിലാക്കണം. ഇങ്ങനെ ജ്ഞാനം വളർന്നതുകൊണ്ടാണ് ലോകത്തിലെ പല പുതിയ കണ്ടുപിടിത്തങ്ങൾക്കും കാരണമായത് എന്ന സത്യം നാം മനസ്സിലാക്കണം. അമേരിക്കയിലുള്ള ജനറൽ ഇലക്ട്രിക്ക് കമ്പനിയിൽ ഒരു വലിയ യന്ത്രം കേടായതുകൊണ്ട് ഓരോ ദിവസവും ലക്ഷക്കണക്കിന് രൂപ നഷ്ടമായികൊണ്ടിരുന്നു. എഞ്ചിനീയർമാർ പലരും ശ്രമിച്ചിട്ടും ഫലമുണ്ടായില്ല. ഒടുവിൽ ആ കമ്പനിയിൽ നിന്നും ജോലി ചെയ്ത് വിരമിച്ച എഞ്ചിനീയറായ ചാർലസ് എന്ന വ്യക്തിയുടെ സഹായം വേണ്ടിവന്നു.

ആ എഞ്ചിനീയർ വന്ന് കുറെ സമയം അങ്ങോട്ടും, ഇങ്ങോട്ടും നടന്ന് യന്ത്രത്തിന്റെ പല ഭാഗങ്ങൾ ശ്രദ്ധിച്ചു നോക്കിയശേഷം ആ യന്ത്രത്തിന്റെ ഒരു ഭാഗത്ത്, തന്റെ പോക്കറ്റിൽ നിന്നും, ഒരു ചോക്ക്പീസ് എടുത്ത് X മാർക്ക് വരച്ച് കാണിച്ച് ഇവിടെയാണ് കേടായത് എന്ന ചൂണ്ടിക്കാണിച്ചിട്ട് പോയി. എഞ്ചിനീയർ പോയശേഷം ആ യന്ത്രം തുറന്നു നോക്കിയപ്പോൾ, അതിന്റെ കേടുപാടുകൾ കണ്ടുപിടിച്ച് ശരിയാക്കി, അതു വീണ്ടും പ്രവർത്തിക്കുവാൻ തുടങ്ങി. വീട്ടിലേക്ക് പോയ എഞ്ചിനീയർ കമ്പനിക്ക് 10,000 രൂപ ഫീസ് വേണമെന്ന് അറിയിച്ചു. അപ്പോൾ ആ കമ്പനി ചില മണിക്കൂറുകൾക്ക് ഇത്രയും തുക, കൂടുതലാണെന്നും, അതിനുള്ള കാരണമന്വേഷിച്ചപ്പോൾ എഞ്ചിനീയർ എഴുതിയ മറുപടി ഇതാണ്:

| | | |
|---|---|---|
| X മാർക്ക് വരയ്ക്കാൻ ചിലവായ ചോക്ക്പീസിന്റെ വില | – | 1 രൂപ |
| ഏതു സ്ഥലത്താണ് മാർക്കിടേണ്ടത് എന്ന് കണ്ടുപിടിക്കാനുള്ള ഫീസ് | – | 9999 രൂപ |
| ആകെ തുക | – | 10000 |

ഇതു നോക്കുമ്പോൾ ജ്ഞാനം എത്ര പ്രധാനമാണെന്ന് നമുക്ക് മനസ്സിലാവും. ജ്ഞാന

മാണ് പല രഹസ്യങ്ങളുടെയും താക്കോൽ. അതുകൊണ്ടാണ് ബൈബിളിൽ പറയുന്നത് എത്ര കഷ്ടപ്പെട്ടാണെങ്കിലും ജ്ഞാനത്തെ കാത്തു സൂക്ഷിക്കണമെന്ന്. ജ്ഞാനം വിലകൂടിയതാണ്. ജ്ഞാനമുള്ളവർ പരിജ്ഞാനം ചേർത്തു വയ്ക്കുന്നു. മുത്തുകളെക്കാൾ ജ്ഞാനം നല്ലതാകുന്നു. മനോഹരമായതൊന്നും അതിനു തുല്യമാകുകയില്ല. മേത്തരമായ പൊന്നിനെക്കാൾ ജ്ഞാനം വിലകൂടിയതാണ് എന്ന് ബൈബിൾ നമുക്കു പറഞ്ഞുതരുന്നു. സദൃശ്യ 3:15.

ഈ ചിന്തയോടുകൂടി ദൈവവേലയെ കാണുകയാണെങ്കിൽ ദൈവത്തിനുവേണ്ടി ഒരുപാടു വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും. അതിനായി ദൈവത്തെ നാം കൂടുതലായി അറിഞ്ഞിരിക്കണം. എന്റെ കർത്താവായ ക്രിസ്തുയേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും ചേതം എന്നു എണ്ണുന്നു എന്ന പൗലോസിന്റെ വചനത്തിൽ യേശുവിനെ കുറിച്ച് അറിയുന്ന അറിവിന് കൊടുക്കുന്ന ശ്രേഷ്ഠതയേയും പ്രാധാന്യത്തെയും നാം ശ്രദ്ധിക്കേണ്ടതാണ്.

ഇതിനെ തുടർന്ന് അപ്പോസ്തലനായ പൗലോസ് വിശദമായും ആഴമായും 'ഞാൻ അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും' ഫിലി 3:10 എന്നെഴുതുന്നു. ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം എന്ന് നാം പറയുമ്പോൾ ഈ വാക്കുകളെ കൂടുതലായി ചിന്തിക്കേണ്ടതുണ്ട്. ഞാനും മറ്റൊരു സഹോദരനും ചേർന്നു കാരക്കുടിയിൽ ഒരു ഭാഗത്ത് പരിശീലനത്തിനായി വന്നിരുന്ന, സിക്ക് മിലിട്ടറി ഓഫീസർമാരുടെ ഇടയിൽ ദൈവവേല ചെയ്യുവാനായി പോയിരുന്നു. അവിടെയുണ്ടായിരുന്നവർ ഞങ്ങളെ സ്നേഹത്തോടെ സ്വീകരിച്ചു. അവരോട് യേശുവിനെ നിങ്ങൾക്ക് അറിയാമോ എന്നു ചോദിച്ചു. യേശുവിനെ അറിയാത്തവരായി ആരെങ്കിലുമുണ്ടോ എന്ന് അവർ മറുപടി പറഞ്ഞു. ശേഷം എന്തു ചോദിക്കണമെന്ന് ഞങ്ങൾ ആലോചിച്ച്. ഉടൻ തന്നെ യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കാമോ? എന്ന അടുത്തചോദ്യം ചോദിച്ചപ്പോൾ യേശുവിനെ ആരെങ്കിലും സ്വീകരിക്കാതിരിക്കുമോ? എന്ന് പെട്ടെന്ന് അവർ മറുപടി പറഞ്ഞു.

തർക്കവും വിവാദവും പ്രതീക്ഷിച്ചുപോയ ഞങ്ങൾക്ക് അബദ്ധം പറ്റി എന്നാൽ ഞങ്ങൾ പ്രസംഗിച്ച യേശുവിനെ നിറഞ്ഞ മനസ്സോടു കൂടി സ്വീകരിച്ചു, അവരെ ദൈവം അനുഗ്രഹിക്കുമെന്നതിൽ സംശയമില്ല. ഇവിടെ ഞാൻ പറഞ്ഞുവരുന്നത്, ഈ ജനറൽ ഇലക്ട്രിക് കമ്പനിയിലെ യന്ത്രത്തിൽ ഒരു കേടുണ്ടായതുപോലെ 'ഞാൻ യേശുവിനെ അറിഞ്ഞിരിക്കുന്നു.' എന്ന് പറയുന്ന വാക്കുകളിലും ഒരു കുറവുണ്ട്.

**നിങ്ങൾക്ക് ഇന്ത്യൻ പ്രധാനമന്ത്രിയെ അറിയാമോ?**

ഇത് നിങ്ങൾക്ക് മനസ്സിലായോ? നിങ്ങൾക്ക് മനസ്സിലാക്കുവാൻ വേണ്ടി ഒരു ചോദ്യം ചോദിക്കുകയാണ്. ഇന്ത്യൻ പ്രധാനമന്ത്രിയെ അറിയാവുന്ന എല്ലാവരും കയ്യുയർത്തുവിൻ എന്നു പറഞ്ഞാൽ നിങ്ങളെല്ലാവരും കയ്യുയർത്തും. ചിലരൊക്കെ രണ്ടു കയ്യും ഉയർത്തും. എന്നാൽ അദ്ദേഹത്തെ എത്രമാത്രം അറിയാം? അദ്ദേഹത്തെ നേരിൽ കണ്ടിട്ടുണ്ടോ? സംസാരിച്ചിട്ടുണ്ടോ? അദ്ദേഹത്തിന് എന്തെല്ലാമാണ് ഇഷ്ടം എന്നു ചോദിച്ചാൽ ഇതൊന്നും ഞങ്ങൾക്കറിയില്ല. വല്ലപ്പോഴും അദ്ദേഹത്തെ റ്റി.വിയിൽ കണ്ടിട്ടുണ്ട്. പത്രത്തിൽ വായിച്ചിട്ടുണ്ട്. ഇതായിരിക്കും അനേകം പേരുടെ മറുപടി. പറയുവിൻ നിങ്ങൾക്ക് ക്രിസ്തുയേശുവിനെ അറിയാമോ? എത്രമാത്രം അറിയാം?

പൗലൊസ് യേശുവിനെ അറിയുന്നതുപോലെ നിങ്ങൾക്കും പരിചയമുണ്ടോ? ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ആഴവും, അകലവും, നീളവും, അറിഞ്ഞുവച്ചിട്ടുണ്ടോ? നിങ്ങൾ വായിക്കുന്ന ബൈബിളിൽ ക്രിസ്തുവിനെ കാണുന്നുണ്ടോ? ദൈവത്തിന്റെ സന്നിധാനത്തിൽ ഹന്നയെപ്പോലെ കണ്ണുനീരൊഴുക്കി പ്രാർത്ഥിച്ചിട്ടുണ്ടോ?

നിങ്ങളുടെ സ്വന്തം ജീവിതത്തിൽ കുടുംബത്തിൽ എടുക്കുന്ന തീരുമാനങ്ങളിൽ ഓഫീസിലെ ജോലിക്കിടയിൽ ക്രിസ്തുവിന് ഒന്നാംസ്ഥാനം കൊടുത്തിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിന്റെ പ്രധാന ഭാഗത്താണോ ക്രിസ്തുവുള്ളത്? അതോ സൈഡിലാണോ? ചിന്തിച്ച് നോക്കുവിൻ!

**കഠിനപ്രയത്നവും, ധൈര്യവും സാമർത്ഥ്യവും ആവശ്യമാണ്**

ദൈവത്തിനുവേണ്ടി നിങ്ങൾ വലിയ കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിച്ചാൽ, അങ്ങനെ ചെയ്തവരുടെ ജീവിതചരിത്രത്തെയും, അതിന്റെ കാരണങ്ങളെയും രഹസ്യങ്ങളെയും ബൈബിളിൽ നിങ്ങൾ നോക്കണം. ഇവിടെ ത്യാഗം, കഠിനപ്രയത്നം, ധൈര്യം, ഭയമില്ലായ്മ, സാമർത്ഥ്യം, ദൈവത്തോടുള്ള അനുസരണ, ദൈവനാമത്തിൽ ബലമായ വിശ്വാസം എന്നിങ്ങനെ പലതും എളുപ്പത്തിൽ കാണുവാൻ സാധിക്കും. പരാജയം നമ്മുടെ ഹൃദയത്തെ ബാധിക്കാതെയും, വിജയം നമുക്ക് ഗർവ്വ് ഉണ്ടാക്കാതെയും, Let not defeat touch your heart not Victory reach your നേരിടുവാനുള്ള മനോഭാവം ഇതെല്ലാം വലിയ നേട്ടങ്ങളെ സൃഷ്ടിക്കുവാൻ സഹായിക്കുന്ന ഏണിപ്പടികളാണ്. ഗോല്യാത്തിനെ തോല്പിച്ച ദാവീദ്, ശിംശോൻ, ബാരാക്ക്, ദബോരാ, അബ്രഹാം, യാക്കോബ്, മോശ, യോശുവ, ഏലിയാവ്, എലീശാ, ഗിദയോൻ, പൗലോസ്, പത്രൊസ് ഇതുപോലെ അനേകം വിശ്വാസവീരന്മാരുടെ ചാലഞ്ച് നിറഞ്ഞ ജീവിതവും വീര്യപ്രവൃത്തികളും, നമുക്കൊരു മാതൃകയായി നമ്മെ മുമ്പോട്ടു നടത്തുന്ന ശക്തികളായ് മാറട്ടെ. അവരുടെ ജീവിത ചരിത്രങ്ങളെ പഠിക്കുവിൻ; വീണ്ടും വീണ്ടും വായിക്കുവിൻ. അവരുടെ ജീവിതത്തിലെ ഓരോ സംഭവങ്ങളും നിങ്ങളെ ബാധിക്കുന്നവിധം അതിൽ ഒന്നിച്ച് അലിഞ്ഞുചേരുവിൻ. അതിനെ കുറിച്ച് സ്വപ്നം കാണുവിൻ. അതെല്ലാം നിങ്ങളുടെ ജീവിതഭാഗമായ് മാറട്ടെ! പ്രധാനമായും യേശുവിന്റെ ജീവിതചരിത്രം ഹിമാലയപർവ്വതംപോലെ നിങ്ങൾക്ക് ഉയർന്നു കാണപ്പെടുമാറാകട്ടെ. യേശുവിന്റെ പ്രവൃത്തികളെയും അത്ഭുതങ്ങളെയും, പ്രസംഗങ്ങളെയും വായിക്കുവിൻ അതൊക്കെയും നിങ്ങളുടെ ജീവിതത്തിന്റെ പാതകളായ് മാറട്ടെ.

പൗലൊസ് യേശുവിന്റെ ജീവിതത്തോട് ഒന്നിച്ച് അലിഞ്ഞു ചേർന്നതുകൊണ്ടാണ് ‘എന്നെ ബലപ്പെടുത്തുന്ന ക്രിസ്തുവിനാൽ എന്തും ചെയ്യുവാൻ എനിക്ക് ബലമുണ്ട്’ എന്ന് എഴുതുന്നത്. ഇതു വായിക്കുന്ന നാം ഓരോരുത്തരും ഇന്നൊരു തീരുമാനമെടുക്കാം. ദൈവത്തെക്കുറിച്ചുള്ള അറിവ് എത്ര കഷ്ടപ്പെട്ടാണെങ്കിലും നേടിയെടുക്കുവിൻ. അപ്പോൾ ആ അറിവ് നിങ്ങളെ വെറുതെയിരിക്കാൻ അനുവദിക്കയില്ല. ദൈവത്തിനുവേണ്ടി മഹത്വമായ കാര്യങ്ങൾ നിങ്ങൾ തനിയെ, ചെയ്യുവാനുള്ള വഴിയിൽ അത് നിങ്ങളെ കൊണ്ടെത്തിക്കും.

**ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യുവാനുള്ള ആഗ്രഹം**

ഒരു മനുഷ്യന്റെ ഹൃദയത്തിലുള്ള കണക്കുകൂട്ടൽ എങ്ങനെയാണോ? അതുപോലെതന്നെ

എന്റെ പ്രവൃത്തിയും ജീവിതവും ഉണ്ടാകും എന്ന് ബൈബിളിൽ വായിക്കുന്നു. (സദൃ 23:7). ഒരു മനുഷ്യൻ തന്റെ കണക്കുകൂട്ടലുകളിൽ എത്രത്തോളം ഉയരുന്നുവോ, അതുപോലെ തന്നെ അവൻ തന്റെ ജീവിതത്തിലും ഉയരുവാൻ സാധിക്കും. ഈ സത്യത്തെയാണ് വില്യംകേറി പറയുന്നത്.

നമ്മുടെ ദൈവം വലിയ ദൈവമാണ് അവനിൽ നിന്ന് വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുവിൻ. അവനുവേണ്ടി വലിയ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുവിൻ എന്നു പറഞ്ഞു. ചെരുപ്പുകുത്തിയായി ജോലിചെയ്ത അദ്ദേഹം ഒരു ഹെഡ്മാസ്റ്ററായി ഉയർന്നു. 32 ഭാഷകളിൽ വേദപുസ്തകം വിവർത്തനം ചെയ്തു ഏറ്റവും വലിയ നേട്ടങ്ങൾ സൃഷ്ടിച്ചു.

നാം ദൈവത്തിന്റെ വേലക്കാരായി മാത്രമല്ല ദൈവത്തിന്റെ സകല ഐശ്വര്യങ്ങൾക്കും അവകാശമുള്ളവരാണ് എന്നത് മറക്കരുത്. 'അസാധാരണമായ, പ്രവൃത്തികളെ ചെയ്യാൻ കൊതിക്കുന്ന സാധാരണമനുഷ്യരല്ല; അസാധാരണ പ്രവൃത്തികളെ സാധാരണമായി ചെയ്യുന്ന അസാധാരണ മനുഷ്യരാണ്.' നമ്മളെന്നത് ഈ ലോകത്തിനു തെളിയിക്കണം. ഇങ്ങനെ അസാധാരണ പ്രവൃത്തികളെ ചെയ്യുവാൻ സാധിക്കാത്തതിന് ഒരു പ്രധാന കാരണം, ഈ പ്രവൃത്തികൾ ചെയ്തു തീർക്കണം എന്ന ആഗ്രഹത്തിനും, ഉയർന്ന കണക്കുകൂട്ടലിനും നമ്മുടെ ജീവിതത്തിൽ പ്രത്യേക സ്ഥാനം കൊടുക്കുന്നില്ല എന്നതാണ്.

നിങ്ങൾ ഇംഗ്ലണ്ട് രാജ്ഞിയുടെ മകനാണെന്ന് സങ്കല്പിക്കുവിൻ. ആണെങ്കിൽ നിങ്ങളുടെ കണക്കുകൂട്ടലുകളും ചിന്തയും എങ്ങനെയായിരിക്കും എന്ന് ആലോചിച്ചു നോക്കുവിൻ.

നമ്മൾ രാജാവിന്റെ മക്കളാണ്; നാം യാക്കോബിനെപ്പോലെ യിസ്രായേൽ രാജകുമാരന്മാരാണ് അബ്രഹാമിന് ദൈവം നൽകിയ വാഗ്ദാനം പുത്രനെ നൽകുന്നതോടെ നിന്നില്ല; ആ പുത്രനിലൂടെ ഒരുപാട് രാജാക്കന്മാരും രാജ്യങ്ങളും രൂപപ്പെടും. പിന്നീട് അതിലൂടെ ഭൂലോകം മുഴുവൻ അനുഗ്രഹിക്കപ്പെടും എന്നതാണ്. ദൈവത്തിന്റെ വാഗ്ദാനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആഴവും, അകലവും, നീളവും – നമുക്കു സങ്കല്പിക്കുവാൻ സാധിക്കില്ല.

**ദൈവത്തിനു വേണ്ടി പ്രവർത്തിക്കണം; വെറുതെയിരിക്കരുത്.**

കൊറിയയിലുള്ള ഡോ.ജോൺ കോൻകിം ഒരു ദിവസം, അനേകം ക്രിസ്ത്യാനികൾക്ക് കൊറിയയിൽ പരിശീലനം കൊടുക്കുന്നതുപോലെ ദർശനം കണ്ടു. എത്രപേർ പരിശീലനത്തിന് വരുമെന്നത് അടുത്തചോദ്യം. എത്രപേരെ അദ്ദേഹം പ്രതീക്ഷിച്ചിട്ടുണ്ടാവും? 500 പേർ? 1000 പേർ? അല്ല 3 ലക്ഷം പേരെ കൊണ്ടുവരുവാനായി അദ്ദേഹം പ്രാർത്ഥിച്ചു. 78 സംസ്ഥാനങ്ങളിൽ നിന്നും 3,23,419 പരിശീലകർ വന്നിരുന്നു. കൂടാതെ ഒരു സന്ധ്യായോഗത്തിൽ ഏകദേശം 10 ലക്ഷംപേർ, രക്ഷപ്രാപിപ്പാനായി മുമ്പിൽ വന്നതായും പറയുന്നു. ഒരു മനുഷ്യൻ വിശ്വാസത്തിലൂടെ വലിയ കാര്യം പ്രതീക്ഷിച്ച് ചോദിച്ചു. അത് ദൈവം അംഗീകരിച്ചു.

ഇത് വായിക്കുന്ന ദൈവമക്കളെ! നിങ്ങളുടെ കൊച്ചു കൊച്ചു തീരുമാനങ്ങൾ ഒരു മൂലയിൽ വെച്ചിട്ട്, ദൈവം ആഗ്രഹിക്കുന്ന വലിയ കാര്യങ്ങൾ തീരുമാനിക്കുവിൻ. ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്യുവാൻ ഒരുങ്ങുവിൻ. "ക്രിസ്തു എനിക്കു ജീവൻ. മരണം എനിക്ക് ലാഭം ആദായം" എന്ന പൗലോസിന്റെ ജീവിതലക്ഷ്യം പോലെ യേശുവിനു വേണ്ടി ജീവിക്കൂ; അല്ലെങ്കിൽ യേശുവിനു വേണ്ടി മരിക്കുവിൻ. വെറുതെയിരുന്നു സമയം കളയുന്നത് പാപമാണ്.

**ദൈവത്തോടു ചേർന്നിരിക്കുന്നത്**

നമ്മളെക്കൊണ്ട് സാധിക്കാത്ത കാര്യങ്ങൾ ചെയ്യുവാൻ ഒരുങ്ങുമ്പോൾ നമ്മുടെ സ്വന്തം ശക്തിയെ, വിശ്വസിക്കുന്നതിൽ ഒരു അപകടമുണ്ട്. "സൈന്യത്താലല്ല, ശക്തിയാലുമല്ല. എന്റെ ആത്മാവിനാലത്രെ" എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. (സെഖ 4: 6).

ഇതു എനിക്കു ചെയ്തു തീർക്കുവാൻ സാധിക്കില്ല എന്നു പറയരുത്. 'സാധിക്കില്ല' എന്ന വാക്ക് വിഡ്ഡികൾക്കിടിലാണുള്ളത് എന്ന് ശബ്ദം മുഴക്കിയ നെപ്പോളിയൻ 18–ാം നൂറ്റാണ്ടിൽ ഏറ്റവും വലിയ വീരസാഹസങ്ങളെ സൃഷ്ടിച്ച്, ഫ്രാൻസിന്റെ രാജാവായി മാറി. എന്നാൽ അവസാനം ബ്രിട്ടീഷുകാരോട് തോറ്റ് ഹെലിന ദ്വീപിൽ ജയിലിലായി ഒരു അനാഥനായി മരിച്ചു. ഒരുപാടു വേദനയോടെ ഉച്ചരിച്ച അവന്റെ അവസാനത്തെ വാക്കുകൾ "ഓ...എന്റെ ദൈവമേ എന്റെ കാലത്തിനു മുമ്പേ ബ്രിട്ടീഷുകാരുടെ കൂലിത്തല്ലുകാരാൽ കൊല്ലപ്പെടുമല്ലോ."

20–ാം നൂറ്റാണ്ടിൽ അഡോൾഫ് ഹിറ്റ്ലർ തന്റെ കാൽചുവട്ടിൽ മുഴുവൻ ലോകത്തെയും കൊണ്ടുവരണമെന്നാഗ്രഹിച്ചവൻ, അവസാന രക്തം തോക്കിന്റെ മുനയിൽ തന്റെ ജീവിതം അവസാനിപ്പിച്ചു. അതിനുള്ള കാരണമെന്ത്? അവരൊക്കെ സ്വന്തം ശക്തിയിൽ വിശ്വസിച്ചവരാണ്.

ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്. ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്. ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ. (യിരെ 9:23) എന്നാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ മനുഷ്യരെ മാതൃകയായ് കാണിച്ച് ബൈബിൾ നമുക്ക് മുന്നറിപ്പു നൽകുന്നു. മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ" എന്ന് കർത്താവ് അറിയിക്കുന്നു" (യിരെ 17:5). ഹിറ്റ്ലറും നെപ്പോളിയനും സ്വന്തം ബലത്തിൽ വിശ്വസിച്ചു മരിച്ചു.

**ഗോല്യാത്തിനെ തോല്പിച്ച ദാവിനെ നോക്കുവിൻ**

ഇതു മനസ്സിലാക്കിയതുകൊണ്ടാണ് അപ്പോസ്തലനായ പൗലൊസ് ഇങ്ങനെ പറയുന്നത്: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി 4:13). ഇതുപോലെതന്നെ ഗോല്യാത്തിനെ തോല്പിക്കുന്നതിന് മുമ്പായി ദാവീദ് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുവിൻ "നീ വാളും കുന്തവും വേലുമായി എന്റെ നേരെ വരുന്നു. ഞാനോ നിന്നെ നിർമ്മിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരേ വരുന്നു" എന്നു പറയുന്നു. നെപ്പോളിയനും ഹിറ്റ്ലറും അവരുടെ സ്വന്ത ബലത്തെ വിശ്വസിച്ചതുകൊണ്ടാണ് ജീവിതാന്ത്യം അങ്ങനെയായത്. എന്നാൽ പൗലൊസും, ദാവീദും ക്രിസ്തുവിന്റെ ശക്തിയെയും, കർത്താവിന്റെ നാമത്തെയും വിശ്വസിച്ചുപോയതുകൊണ്ട് വലിയ വലിയ വിജയങ്ങൾ കൈവരിച്ചു.

ദൈവമക്കളെ, നല്ല പ്രവൃത്തി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നാം മനുഷ്യനെയും അവന്റെ ശക്തിയെയും വിശ്വസിക്കാൻ പാടില്ല. അതുപോലെതന്നെ നമ്മുടെ പോരായ്മകളെയും ശക്തിയില്ലായ്മയെയും സൂക്ഷിച്ചുനോക്കിക്കൊണ്ട് മൗനമായിരിക്കരുത്. ദൈവം തന്റെ

ജോലി ചെയ്യുന്നവരെ അവരുടെ സാമർത്ഥ്യത്തിലും കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ ശക്തി നല്കുന്നു.

**നിനക്കുള്ള ശക്തികൊണ്ട് ഒരുങ്ങിയിരിക്കുക**

ഇതാണ് നാം ഗിദയോന്റെ ജീവിതത്തിൽ നിന്നും പഠിക്കുന്നത്. ദൈവം ഗിദയോനെ വിളിച്ചപ്പോൾ അവൻ താഴ്ന്ന മനോഭാവം നിറഞ്ഞവനായിരുന്നു. അവൻ ഭയപ്പെടുന്ന മിദ്യാന്യരുടെ കയ്യിൽ നിന്നും യിസ്രായേലിനെ രക്ഷിക്കുന്നത് അവന്റെ ശക്തിക്ക് കഴിയില്ല എന്ന് അവനു തോന്നി. ദൈവം ഗിദയോനെ ഉത്തരവാദിത്വം ഏല്പിക്കുവാനായി വിളിച്ചപ്പോൾ, അവൻ എനിക്ക് ശക്തിയില്ല അർഹതയില്ല എന്നൊക്കെ പറഞ്ഞു.

ദൈവം ഗിദയോനെ വിളിച്ചപ്പോൾ 'അയ്യോ കർത്താവേ, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും മനശ്ശെയിൽ എന്റെ കുലം എളിയതും, എന്റെ കുടുംബത്തിൽ ഞാൻ ചെറിയവനും അല്ലോ' എന്നു പറഞ്ഞു. (ന്യായാ 6:15). എന്നാൽ ദൈവം അവനോട് പറഞ്ഞ മറുപടി 'ഞാൻ നിന്നോട് കൂടെയിരിക്കും; നീ മിദ്യാന്യരെ ഒറ്റ മനുഷ്യനെ തോല്പിക്കുന്നതുപോലെ, തോല്പിക്കും' എന്നു കല്പിച്ചു. (ന്യായാ 6:16). പിന്നീട് ഗിദയോൻ ദൈവനിയോഗമനുസരിച്ച് ശത്രുക്കളായ മിദ്യാന്യരുടെ കയ്യിൽ നിന്നും യിസ്രായേലിനെ രക്ഷിച്ചു.

**യോശുവ, കാലേബ്**

അതെ നമ്മുടെ ദേശത്തിലെ കോടിക്കണക്കിന് ജനങ്ങളുടെ രക്ഷ ചില ദൈവമക്കളിലാണ് താമസമാകുന്നത്. ഇതുപോലെ ധൈര്യമില്ലാത്ത, തെറ്റായ മനോഭാവമാണ് കനാൻ ദേശത്തെ ഒറ്റു നോക്കുവാൻ, മോശ അയച്ച പത്തുപേർക്കിടയിലുണ്ടായത്. (സംഖ്യ 13) അങ്ങോട്ടയച്ച 12 പേരിൽ 10 പേരും വിലപിച്ചുകൊണ്ടിരുന്നു. 'ആ ദേശത്തു പാർക്കുന്ന ജനങ്ങൾ ബലവാന്മാരും, പട്ടണങ്ങൾ ഏറ്റവും ഉറപ്പും വലിപ്പവും ഉള്ളതാകുന്നു. ഞങ്ങൾ അവരുടെ കാഴ്ചയ്ക്ക് വെട്ടുകിളികളെപ്പോലെ ആയിരുന്നു." (സംഖ്യാ 13:28–33).

**നോട്ടം ഒന്ന് എന്നാൽ രണ്ട് വ്യത്യസ്തമായ കാഴ്ചകൾ**

എന്നാൽ ഇതിന് നേർവിപരീതമായ് യോശുവായും, കാലേബും ദൈവത്തോടുള്ള വിശ്വാസത്തിന്റെ ബലത്തിൽ 'നാം ഉടനെ ചെന്ന് അത് കൈവശമാക്കുക; അതു ജയിപ്പാൻ നമുക്ക് കഴിയും.....കർത്താവ് ആ ദേശത്തെ നമുക്ക് തരും....ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത്. അവർ നമുക്ക് ഇരയാകുന്നു.' എന്നു പറഞ്ഞു. (സംഖ്യാ 13:30, 14:8–9). യോശുവായും, കാലേബും മറ്റെ 10 പേരുമായ രണ്ടു കൂട്ടരും കണ്ട കാഴ്ച ഒന്നുതന്നെ. എന്നാലും ഒരേ കാഴ്ച കണ്ട അവരുടെ കാഴ്ചയിൽ വലിയ വ്യത്യാസമുണ്ടായിരുന്നു.

ഇതിന് കാരണമെന്ത്? എന്തുകൊണ്ട്? മറ്റു 10 പേരും വെട്ടുകിളി എന്ന അവിശ്വാസ കണ്ണാടിയിലൂടെ ആ ജനങ്ങളെ നോക്കിയപ്പോൾ, അവർ വലിയ രാക്ഷസന്മാരായി അവർക്കു തോന്നി. എന്നാൽ കാലേബും, യോശുവായും അതേ ജനങ്ങളെ വിശ്വാസകണ്ണാടിയിലൂടെ നോക്കിയപ്പോൾ അവർ വെട്ടുകിളികൾ പോലെ ഇവർക്കു തോന്നി. ഈ രാക്ഷസന്മാർ മറ്റു 10 പേർക്കും തടസ്സമായി തോന്നി. എന്നാൽ യോശുവായ്ക്കും കാലേബിനും അതൊക്കെ വിജയത്തിന്റെ പടികളായ് കാണപ്പെട്ടു.

ഇതാണ് വിശ്വാസകണ്ണുകൾക്കും അവിശ്വാസകണ്ണുകൾക്കുമുള്ള വ്യത്യാസം. ഒരു വ്യക്തി ഇങ്ങനെ പറയുന്നു: തടസ്സം എത്രമാത്രം വലുതായിരിക്കുന്നോ, അത്രയും ഉയരത്തിന് നമ്മുടെ മുമ്പോട്ടുള്ള ഏണിപ്പടിയും ഉയരും. ദൈവത്തിനോടുള്ള ഉറച്ച വിശ്വാസത്തോടെയും, ദൈവത്തിനുവേണ്ടിയും, പുതിയ രാജ്യങ്ങളെ സ്വന്തമാക്കുവാൻ ഒരുങ്ങുവിൻ.

**പാറയേ, പാറയേ വഴി തുറന്നാലും**

16–ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സുവിശേഷത്തിന്റെ വാതിൽ അടച്ചിട്ടിരുന്ന ചൈനയിൽ പോകുവാനായി 10 പ്രാവശ്യം ശ്രമിച്ചിട്ടും തോറ്റുപോയ രണ്ട് മിഷനറിമാർ ചൈനാദേശത്തിന്റെ അതിരുകളിൽ നിന്നുകൊണ്ട് അവരുടെ മുമ്പിലുള്ള വെള്ളത്തെയും, തടസ്സങ്ങളെയും, പാറകളെയും നോക്കി ചൈനാ ദേശത്ത് ഓർത്ത് 'ഓ...പാറയേ...ഓ...പാറയേ നീ എപ്പോഴാണ് വഴി തുറന്ന് തരുന്നത്.' എന്ന് പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് വേഗം മറുപടികൊടുത്തു.

മോശയുടെ കാലങ്ങളിൽ ചെങ്കടലിൽ വഴിതെളിഞ്ഞതു പോലെതന്നെ ചൈനാദേശത്തിലേക്ക് സുവിശേഷവേലയ്ക്ക് ആദ്യമായ പാത തെളിഞ്ഞു പീക്കിംഗ് നഗരത്തിൽ ഏകദേശം 300 പേരും 'ആൻ' എന്ന അടുത്തുള്ള ജില്ലയിൽ 2000 ൽ കൂടുതൽ പേരും ക്രിസ്തുവിന്റെ മക്കളായി മാറി. മോശയുടെ കാലങ്ങളിൽ പാറ തുറന്നു വെള്ളം വന്നതുപോലെ ഇവിടെയും ജീവജലമുള്ള നദികൾ ചൈന ദേശത്തിനുള്ളിൽ പാഞ്ഞു കയറുവാൻ തുടങ്ങി.

ഇതു വായിക്കുന്ന സഹോദരാ, സഹോദരിയെ നിങ്ങളും ഈ ലോകത്തിൽ ജീവിക്കുന്നതുവരെ, ദൈവത്തിനു വേണ്ടിയും, ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് വേണ്ടിയും പ്രവർത്തിപ്പാൻ ആഗ്രഹത്തോടെ പുറപ്പെടുവിൻ. നാം എത്രനാൾ ജീവിക്കുന്നു എന്നതല്ല പ്രധാനം നാം എങ്ങനെയാണ് ജീവിക്കുന്നത് എന്നതാണ് ഏറ്റവും പ്രധാനം.

**ഡേവിഡ് പ്രേയിനർട്**

മിഷനറിയായി ജോലിചെയ്ത് ഡേവിഡ് പ്രേയിനർട് എന്ന സഹോദരൻ 29 വയസ്സുവരെ മാത്രമാണ് ഈ ലോകത്തിൽ ജീവിച്ചത്. എന്നാൽ അദ്ദേഹം 70 വയസ്സുള്ള മനുഷ്യൻ സാധിക്കുന്നതിലും കൂടുതൽ കാര്യങ്ങൾ നേടിയെടുത്തു. നീ ഒരു രാജാവിന്റെ മകനാണെന്നും, നീ രാജകുമാരനുമാണ് എന്ന സത്യം ഇടയ്ക്കിടെ നിന്റെ മനസ്സിൽ നിർത്തി ഓർമ്മിച്ചുകൊണ്ടിരിക്കണം. ശേഷം നാം ദൈവത്തിന്റെ കൈയ്യിൽ, മുദ്രമോതിരം പോലെ അണിഞ്ഞിരിക്കുന്നത് സത്യമാണെങ്കിൽ, ആകാശത്തിനു താഴെയുള്ള സകല അധികാരവും നമുക്ക് സ്വന്തമാണ്. മനുഷ്യനെയോ, അവന്റെ ബലത്തെയോ, പ്രതീക്ഷിക്കാതെ മുഴുവനും ദൈവത്തോടു ചേർന്ന്, വിശ്വാസത്തോടെ നമ്മെക്കൊണ്ടു സാധിക്കുന്നതിലും കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്നാഗ്രഹിച്ച്, പ്രാർത്ഥിച്ച് തീരുമാനമെടുക്കണം. പ്രവർത്തിക്കേണ്ടത് എത്രയും വേഗം വേണം എന്തെന്നാൽ അതു 'രാജാവിന്റെ ജോലിയാകുന്നു.'

താഴെ കൊടുത്തിട്ടുള്ള ദൈവീക വാഗ്ദാനങ്ങളെ പ്രാർത്ഥനയോടെ കൂടുതൽ ശ്രദ്ധയോടെ വായിച്ച് ഓർമ്മയിൽ വയ്ക്കണം. അവയെല്ലാം നീ പ്രവർത്തിക്കുവാനായി മുമ്പോട്ടു തള്ളുന്ന ശക്തിയായി മാറുന്നു. 'എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല' (യോഹ 15:5)

'എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു' (ഫിലി 4:13).

'നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തുതരും' (യോഹ 14:14).

'ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു; ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും' (യോഹ 14:12).

'നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു ഇവിടെ നിന്നും അങ്ങോട്ടു നീങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും. നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാകയില്ല' (മത്തായി 17:21).

'ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ' എന്നു പറഞ്ഞു (ലൂക്കൊ 1:37).

നിനക്ക് കടന്നുപോകാൻ സാധിക്കാത്ത പുഴകളേ ഇല്ല. നിനക്ക് കടന്നുവരാൻ സാധിക്കാത്ത തടസ്സങ്ങൾ ഇല്ലേ ഇല്ല. നിനക്ക് തകർക്കാൻ സാധിക്കാത്ത മലകളില്ല. മനുഷ്യന്റെ അസാധാരണമായ പ്രവൃത്തികൾ ദൈവത്തിന് സാധാരണ പ്രവൃത്തികളാണ്.

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ–മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

# കൂട്ടായ്മകൾ

ചില വായനക്കാർ കാവൽക്കാരൻ മാസികയ്ക്കായി കൂട്ടായ്മ അയച്ചു. മാസിക വന്നില്ല എന്ന് എഴുതുന്നു. MO ൽ കൂട്ടായ്മ അയക്കുമ്പോൾ എന്തിനുവേണ്ടി അയക്കുന്നു എന്നെഴുതാൻ കഴിയില്ല. ഞങ്ങൾക്കും അറിയാൻ നിവൃത്തിയില്ല. അതിനാൽ കൂട്ടായ്മ അയച്ച ഉടൻ നിങ്ങളുടെ മുഴുവൻ വിലാസവും ഫോൺ നമ്പരും വച്ച് കത്തെഴുതുക. പുതിയ വരിക്കാരനാണെങ്കിൽ പുതിയ വരിക്കാരൻ

**കത്തുകളെഴുതുമ്പോൾ പൂർണ്ണ വിലാസവും കമ്പ്യൂട്ടർ സീരിയൽ നമ്പരും എഴുതാൻ മറക്കരുതേ.**

(കാവൽക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല)

# സ്ത്രീപുരുഷബന്ധം ബൈബിളിൽ

സ്ത്രീപുരുഷബന്ധം ബൈബിളിൽ പരിഗണിക്കപ്പെടുന്നത് സൃഷ്ടി, വീണ്ടെടുപ്പ് എന്നീ അടിസ്ഥാനങ്ങളിലാണ്. ഉല്പത്തി 2:18 ൽ ദൈവം പറഞ്ഞു : "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും." **തന്റെ സൃഷ്ടിയിൽ നന്ന ല്ലെന്നു** ദൈവം ആദ്യം കണ്ടത് മനുഷ്യൻ ഏകനായിരിക്കുന്നതാണ്. പുരുഷൻ തന്നിൽ തന്നെ പൂർണ്ണനല്ലെന്നും സ്ത്രീയിലൂടെയാണ് പൂർത്തീകരണത്തിലെത്തുന്നതെന്നും ഉള്ള ധ്വനി ഈ പ്രസ്താവനയിലുണ്ട്.

ആദാമിന്റെ വാരിയെല്ലിൽ നിന്ന് ഹവ്വാ സൃഷ്ടിക്കപ്പെട്ടുവെന്നത് ഉല്പത്തി 2:21 സ്ത്രീയും പുരുഷനും ഒരു ഏകകമാണെന്ന ഘടനാപരമായ സ്വഭാവത്തെ നിർദ്ദേശിക്കുന്നു. മനുഷ്യവർഗ്ഗം മുഴുവനും പരസ്പരം ബന്ധപ്പെട്ടതാണെന്ന വസ്തുതയും ഇതിൽ വെളിവാകുന്നു. മറ്റു സൃഷ്ടി കളെ സംബന്ധിച്ചിടത്തോളം സൃഷ്ടിപ്പിനുശേഷം അവ നല്ലതാണെന്ന ദൈവത്തിന്റെ അംഗീകാ രമൊഴി രേഖപ്പെടുത്തുന്നതായി നാം കാണുന്നു. എന്നാൽ മനുഷ്യനെ സൃഷ്ടിച്ചതിനുശേഷം മാത്രമാണ് നല്ലതല്ലെന്ന ദൈവത്തിന്റെ നിഷേധാത്മകമായ വിധിയെ നാം കാണുന്നത്. "മനു ഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല." ഉല്പത്തി 2:18. ഏകനായിരിക്കുന്ന ആദാം മനുഷ്യസൃഷ്ടി യുടെ പൂർത്തീകരണത്തിൽ ഇനിയും എത്തിയിട്ടില്ല. തന്മൂലം ഒരു തുണയായി സ്ത്രീ സൃഷ്ടിക്ക പ്പെട്ടു. കാട്ടുമൃഗങ്ങളിലും കന്നുകാലികളിലും മറ്റൊരു സൃഷ്ടിയിലും തന്നെ മനുഷ്യനു തക്കതാ യൊരു തുണ ഇല്ലായിരുന്നു. ഉല്പത്തി 2:20. തനിക്കുവേണ്ടി ഒരു സ്ത്രീ സൃഷ്ടിക്കപ്പെട്ടപ്പോൾ അവൻ വിളിച്ചുപറയുകയാണ് "ഇവൾ അപ്പോൾ എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു." ഉല്പത്തി 2:23. തന്മൂലം അവൾക്ക് തന്റെ തന്നെ പേര് ഇഷ്ഷാഹ് (എബ്രായ) (നാരി) ആദാം നൽകി. ഇങ്ങനെ സ്ത്രീപുരുഷന്മാർക്കു തമ്മിലുള്ള ആശ്ര യവിധേയ ഭാവങ്ങളെ വ്യക്തമായി ഈ വൃത്താന്തം വെളിപ്പെടുത്തുന്നു. ഈ ബന്ധം കൂട്ടായി പ്രവർത്തിക്കുക എന്നു പ്രവർത്തനരംഗത്തു മാത്രമല്ല ജൈവശാസ്ത്രപരവും ശാരീരികവുമായ എല്ലാ തലങ്ങളിലും വ്യാപിച്ചു നില്ക്കുകയാണ്. മനുഷ്യന് ദൈവത്തോടും സഹമനുഷ്യരോടു മുള്ള ബന്ധത്തെ ഇവിടെ അനാവരണം ചെയ്യുന്നു. ഈ രണ്ടു ബന്ധമാണ് മനുഷ്യവർഗ്ഗത്തിനു ള്ളത്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശ ക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കേണം എന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം എന്നും (ലൂക്കൊ 10:27) യേശു കല്പിച്ചത് ഇതിന്റെ വെളിച്ചത്തിൽ മന സ്സിലാക്കേണ്ടതാണ്.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവത്തിന്റെ സാദൃശ്യത്തിൽ (ഇമാഗോ ദേയ്) ആണ്. ഉല്പത്തി 1:26–28 ലെ വിവരണത്തിൽ സ്ത്രീപുരുഷന്മാർക്കു തമ്മിൽ എന്തെങ്കിലും പദവി വ്യത്യാ സമുള്ളതായി നാം കാണുന്നില്ല. 27–ാം വാക്യത്തിൽ പ്രസ്താവിച്ചിട്ടുള്ള സൃഷ്ടിപ്പിനെ സംബ ന്ധിച്ച മൂന്നുപരാമർശങ്ങളിലും ഒരു വ്യത്യാസവും സൂചിതമല്ല. പുരുഷനും സ്ത്രീയും സ്രഷ്ടാ വിനു തൊട്ടടുത്താണ്. അതിലും ഉപരിയായി ഭൂമിയെ അടക്കിവാഴുവാനുള്ള കല്പനയും അനു ഗ്രഹവും രണ്ടുപേർക്കും ഒരുമിച്ചാണ് നല്കുന്നത്. ഉല്പത്തി 1:28. ദൈവം അവരെ അനുഗ്രഹിച്ചു എന്നാണ് നാം അവിടെ വായിക്കുന്നത് ഉല്പത്തി 2:7 ലും സ്ത്രീക്കും പുരുഷനും തമ്മിലുള്ള

പങ്കാളിത്തം വ്യക്തമാണ്. എന്നാൽ പാപത്തിൽ വീണതോടുകൂടി ഈ അവസ്ഥയ്ക്കു വ്യതിയാനം സംഭവിച്ചു. പുരുഷന് അധീശത്വം അതോടുകൂടി ലഭിച്ചു. അവൻ നിന്നെ ഭരിക്കും ഉല്പത്തി 3:16. ഇത് ഒരു കല്പനയെന്ന നിലയിലല്ല ഭാഗികമായ ശാപം എന്ന നിലയിലാണെന്നു തുടർന്നുള്ള വാക്യഭാഗം വെളിപ്പെടുത്തുന്നു; "നീ വേദനയോടെ മക്കളെ പ്രവസിക്കും." പുരുഷനും സമാനമായ ശാപത്തിനു വിധേയനായി. "നിന്റെ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽ നിന്നു അഹോവൃത്തി കഴിക്കും. മുള്ളും പറക്കാരയും നിനക്ക് അതിൽ നിന്നു മുളക്കും....മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും" ഉല്പത്തി 3:17–19. നിന്നെ ഭരിക്കും എന്നുള്ളത് വിധായകമായ കല്പനയല്ല മറിച്ചു നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടു ആകും എന്നതിന്റെ പരിണിതഫലം മാത്രമാണ്. ഒരു അസ്ഥിയും ഒരു മാംസവുമായിരിക്കുക എന്ന അടിസ്ഥാനപരമായ ഐക്യത്തെ ഉല്പത്തി 2:27 പാപം നശിപ്പിച്ചു. ഇതാണ് സ്ത്രീപുരുഷന്മാർ തമ്മിലുള്ള ദ്വന്ദ്വഭാവത്തിനും വൈരുദ്ധ്യത്തിനും കാരണമായി ഭവിച്ചത്. ഒരു പങ്കാളി മറ്റേ പങ്കാളിയെ കുറ്റം പറയുകയാണ്. "എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു" ഉല്പത്തി 3:12. ഈ വൈരുദ്ധ്യം സൃഷ്ടിയുടെ ക്രമത്തിൽ ഉണ്ടായിരുന്നതല്ല. മനുഷ്യന്റെ വീഴ്ചയോടുകൂടി (വീഴ്ചയ്ക്കു ശേഷം) സൃഷ്ടിയിലെ ക്രമത്തിനു സംഭവിച്ച തകർച്ചയുടെ ഫലമാണ്.

സുവിശേഷങ്ങളിൽ നാം വായിക്കുന്നതു യേശു സ്ത്രീകളോടു ഒരു സഹവ്യക്തി അഥവാ സഹോദരി എന്ന നിലയിൽ പെരുമാറി എന്നാണ്. ദൈവസൃഷ്ടിയിൽ സ്ത്രീ എങ്ങനെയായിരുന്നുവോ അതേ നിലയിൽ ക്രിസ്തു അവളോടു ഇടപെടുകയായിരുന്നു. യെഹൂദമതത്തിലും യവനലോകത്തിലും എന്നുവേണ്ട മറ്റെല്ലാ ഇടത്തും നാം കാണുന്നത് സ്ത്രീകളെ നിന്ദ്യമായി കരുതിയിരുന്നതാണ്. യേശുവിന്റെ മനോഭാവം ഇതിനെതിരെയുള്ള എതിർപ്പിന്റേതായിരുന്നു. യെഹൂദമതത്തിൽ ഒരു നല്ല സ്ത്രീയെക്കുറിച്ചുള്ള ചില ഒറ്റപ്പെട്ട പ്രസ്താവനകൾ ഉണ്ടായിരുന്നെങ്കിലും ദൈവത്തിനു മുമ്പാകെ സ്ത്രീക്കു പുരുഷനു തുല്യമായ പദവി ഉണ്ടായിരുന്നുവെന്നു പറഞ്ഞിരുന്നുവെങ്കിൽ തന്നെയും പൊതുവെയുള്ള മനോഭാവം മറിച്ചായിരുന്നു. സ്ത്രീകളെ അവർ പൊതുവെ കരുതിയിരുന്നതു ആർത്തിയോടെ ഭക്ഷിക്കുന്നവരും അലസകളും അസൂയാലുക്കളും ചപലകളും എന്നായിരുന്നു. ആൺകുട്ടികളെ പ്രസവിക്കുന്ന സ്ത്രീകളെ അനുഗ്രഹീതകളായും പെൺകുട്ടികളെ പ്രസവിക്കുന്ന സ്ത്രീകളെ ശപ്തകളായും കരുതിയിരുന്നു. ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ ഏഴു ദിവസം അശുദ്ധയായിരുന്നാൽ മതിയെങ്കിൽ പെൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ രണ്ടു ആഴ്ചവട്ടം അശുദ്ധയായിരിക്കേണ്ടതാണ്. ലേവ്യ 12:1–5. കടം വീട്ടുന്നതിന് പിതാവിന് മകളെ ദാസിക്കായി വില്ക്കുമായിരുന്നു. (പുറ 2:17, നെഹ 5:5). ഇതിന്റെ വെളിച്ചത്തിൽ വേണം യേശുവിനു സ്ത്രീകളോടുള്ള മനോഭാവത്തെ നാം മനസ്സിലാക്കേണ്ടത്. യേശു സ്ത്രീകളോടു സംസാരിച്ചു എന്നതുതന്നെ അന്നത്തെ കാലത്തെ തന്റെ സമുദായത്തിന്റെ ലിഖിതവും അലിഖിതവുമായ നിയമങ്ങളെ ലംഘിക്കുകയായിരുന്നു. കനാന്യസ്ത്രീയുടെ മകളെ യേശു സൗഖ്യമാക്കി. മത്തായി 15:21, മർക്കൊസ് 7:27. പത്രൊസിന്റെ അമ്മാവിയമ്മയെയും മത്തായി 8:14, മഗ്ദലനമറിയെയും ലൂക്കൊസ് 8:2 സൗഖ്യമാക്കി. നയീനിലെ വിധവയോടുള്ള അനുകമ്പ നിമിത്തം അവളുടെ മകനെ ഉയിർപ്പിച്ചു ലൂക്കൊ 7:11. യായീറോസിന്റെ മകളെയും കർത്താവ് ഉയിർപ്പിക്കുകയുണ്ടായി. ലൂക്കൊ 9:18. അന്നു മതാനുഷ്ഠാനങ്ങളിൽ നിന്നു സ്ത്രീകൾ പരിപൂർണ്ണമായും ഒഴിവാക്കപ്പെട്ടിരുന്നു.

യെരുശലേം തല്മൂദ് (യഹൂദറബ്ബികളുടെ പഠിപ്പിക്കൽ) പറയുകയാണ് സ്ത്രീയെ പഠിപ്പിക്കുന്നതിനെക്കാളും തോറയെ (ന്യായപ്രമാണത്തെ) ചുടുകയാണ് നല്ലത്. മാത്രവുമല്ല, യെഹൂദന്മാരുടെ സിനഗോഗുകളിൽ സ്ത്രീകൾ മറയ്ക്കു പിന്നിലായിരുന്നു ഇരിക്കേണ്ടിയിരുന്നത്. ഈ പശ്ചാത്തലത്തിൽ ഒരുവനു ചിന്തിക്കുവാൻ പോലും കഴിയാത്തതാണ് യേശുവിന്റെ ക്രൂശിനരികെ സ്ത്രീകൾ നിന്ന വൃത്താന്തവും മത്തായി 27:55, മർക്കൊസ് 15:40, ലൂക്കൊസ് 23:49, യോഹന്നാൻ 19:25) ഉയിർത്തെഴുന്നേല്പ്പിന്റെ സാക്ഷികളുടെ പട്ടികയിൽ സ്ത്രീകൾ ഉൾപ്പെടുന്നതും മത്തായി 28:1, മർക്കൊസ് 16:1, ലൂക്കൊ 24:10, യോഹന്നാൻ 20:1. വിവാഹമോചനത്തെ കർത്താവ് കർശനമായി നിഷേധിച്ചു. വ്യഭിചാരത്തിൽ പിടിച്ച സ്ത്രീക്കു യേശു മാപ്പു നൽകി. നിന്ദ്യരായി കരുതപ്പെട്ടിരുന്ന പാപിയായ സ്ത്രീയപ്പോലും കർത്താവ് അനുഗ്രഹിച്ചു. ലൂക്കൊസ് 7:36. ഇവിടെയെല്ലാം ദൈവസന്നിധിയിൽ സ്ത്രീക്കും പുരുഷനും തുല്യമായ സ്ഥാനത്തെ കർത്താവ് അംഗീകരിക്കുകയും സ്ത്രീപുരുഷബന്ധത്തിന്റെ ദൃഢതയെ ഉറപ്പിക്കുകയുമായിരുന്നു.

ബൈബിളിൽ സ്ത്രീകൾ നേതൃസ്ഥാനങ്ങളിൽ വന്നിട്ടുണ്ട്. യായേലും ഒരുകണക്കിനു ദലീലയും ശത്രുക്കളെ കുരുക്കിലാക്കിയ ദേശത്തിന്റെ രക്ഷകരാണ്. ന്യായാ 5:24–27, 16:4–21. ദബോര ഒരു ന്യായാധിപയായിത്തീർന്നു. രാജ്ഞിയായ എസ്ഥേറിന്റെ ആത്മീയ നേതൃത്വത്തെ പ്രജകൾ അംഗീകരിച്ചിരുന്നു. തെക്കോവയിലെ ബുദ്ധിമതിയായ സ്ത്രീയും 2 ശമുവേൽ 20:14–22 രാഷ്ട്രീയവും ആത്മീയവുമായ ഉപദേശം നൽകി. പ്രവാചകനായ യിരെമ്യാവ് പ്രവചിച്ചു. “യഹോവ ദേശത്തു ഒരു പുതുമ സൃഷ്ടിക്കുന്നു. സ്ത്രീ പുരുഷനെ ചുറ്റുപരിപാലിക്കും.” യിരെ 31:22. ഇതൊരുപക്ഷേ സർപ്പത്തിൽ നിന്നു ക്രിസ്തു എന്ന കുഞ്ഞിനെ ചുറ്റി പരിപാലിക്കുന്ന സ്ത്രീയെയായിരിക്കാം സൂചിപ്പിക്കുന്നത്. വെളിപ്പാട് 12.

1 കൊരി 11:3 ൽ പൗലൊസ് എഴുതി “ഏത് പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.” തല എന്നത് ഉല്പത്തി സ്ഥാനം എന്ന അർത്ഥത്തിൽ മനസ്സിലാക്കണം എന്നും അധികാരത്തെ സൂചിപ്പിക്കുക അല്ല എന്നും ചില പണ്ഡിതന്മാർ വാദിക്കുന്നുണ്ട്. എന്നാൽ ഇവിടെ അപ്പൊസ്തലൻ അധികാരവിധേയഭാവങ്ങളെ സൂചിപ്പിക്കുകയാണെന്ന് 7 മുതൽ 9 വരെയുള്ള വാക്യങ്ങൾ വെളിപ്പെടുത്തുന്നു. “പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു. പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ, സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത്.” 1 കൊരി 11:7–9. തന്റെ താഴ്ചയിൽ നിന്നു ഉയർത്തപ്പെട്ട കർത്താവിന് സദൃശമാണ് സ്ത്രീയുടെ ഈ വിധേയത്വം. ക്രിസ്തീയവിവാഹത്തെ സംബന്ധിച്ചിടത്തോളം സ്ത്രീക്കു പുരുഷനോടുള്ള വിധേയത്വം അവൾക്കുള്ള ഉന്നമനത്തെ കാണിക്കുകയാണ്. താഴ്മയുള്ളവരെയാണ് കർത്താവ് ഉയർത്തുന്നത്. ലൂക്കൊസ് 1:47, 48, 52, 53. സ്ത്രീക്കു മീതെ ഉയർത്തപ്പെടുകയും ചെയ്യും. മത്താ 23:11, 22. ക്രിസ്തുവിനോടുകൂടെ കഷ്ടം അനുഭവിക്കുന്ന വിശ്വാസികൾ അവനോടൊപ്പം വാഴുന്നതുപോലെ 2 തിമൊ 2:12, വെളി 20:6 ഭർത്താവിനോടൊപ്പം കഷ്ടത അനുഭവിക്കുന്ന ഭാര്യ അവനോടൊപ്പം വാഴും. പുരുഷൻ സ്ത്രീയുടെ തലയെന്ന് പറയുന്നതു സ്ത്രീയുടെ പരിപാലകൻ എന്ന അർത്ഥത്തിലാണ്. ഭാര്യമാരേ, കർത്താവിനു എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ. എഫെ 5:22 എന്നതിലെ കർത്താവിന് എന്നപോലെ എന്നതിന്റെ ആശയം കർത്താ

വിൽ ഉചിതമാകുംവണ്ണം കൊലൊ 3:18 എന്നത്രേ. ഇവിടെയും നിഴലിക്കുന്ന പ്രധാനകാര്യം സ്ത്രീയുടെ വിധേയത്വം പ്രധാനമായും പ്രഥമമായും കർത്താവിനോടാണ്; രണ്ടാമത് മാത്രമേ പുരുഷനോടാകുന്നുള്ളു. ഇതിൽ മറ്റൊരു കാര്യം കൂടെ ധ്വനിക്കുന്നത് വിധേയത്വം പരസ്പര മാണ് എന്നതത്രേ. "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ. എഫെ 5:21. ഈ വിധേയത്വത്തിൽ തന്റെ ഭാര്യയ്ക്കുവേണ്ടി സ്വന്തം താൽപ്പര്യങ്ങളും അഭിലാഷങ്ങളും സ്വമന സ്സാലെ ത്യജിക്കുവാൻ ഭർത്താവ് ഒരുങ്ങിയിരിക്കേണ്ടതാണ്. ക്രിസ്തു സഭയ്ക്കുവേണ്ടി തന്റെ ജീവൻ നൽകി സ്നേഹിച്ചതുപോലെ ഭാര്യയ്ക്കുവേണ്ടി ജീവൻപോലും നൽകാൻ ഭർത്താവ് ബാധ്യസ്ഥനാണ് എഫെ 5:25.

ദൈവികത്രിത്വത്തിൽ ക്രിസ്തുവും പിതാവായ പരിശുദ്ധാത്മാ സമസ്ഥാനീയരാണ്. എന്നാൽ വീണ്ടെടുപ്പിന്റെ വേല പൂർത്തീകരിക്കുന്നതിനായി ക്രിസ്തുവും പരിശുദ്ധാത്മാവും സ്വേച്ഛയാ പിതാവാം ദൈവത്തിനു വിധേയതപ്പെടുകയായിരുന്നു. ഇതേ വിധത്തിൽ ഒരു ക്രി സ്തീയകുടുംബത്തിലെ ഭാര്യ ഭർത്താവിന്റെ ഹിതത്തിനു സ്വമനസ്സാലെ കീഴ്പ്പെടുവാൻ വിളിക്ക പ്പെട്ടവളാണ്. ഇതു കുടുംബബന്ധങ്ങളുടെ സമത പരിപാലിക്കപ്പെടുവാൻ അത്യന്താപേക്ഷിതമാ ണ്. ഇമ്മാതിരി വിധേയത്വം ഭർത്താവിൽ തെറ്റോ കുറ്റമോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. തെറ്റിലേക്കു വഴുതിവീഴുന്ന ഭർത്താക്കന്മാരെ തിരുത്തേണ്ട ചുമ തല ഭാര്യയ്ക്കുണ്ട്. സാറ അബ്രഹാമിനെ കുറ്റപ്പെടുത്തുന്നതു നോക്കൂ; ഉൽപ്പത്തി 16:5. തന്റെ ഭർത്താവിനെ കുഞ്ഞിനുവേണ്ടി ദാസിയുടെ അടുക്കൽ അയച്ചത് സാറയായിരുന്നു. ഉൽപ്പത്തി 16:2. അബ്രഹാമിനു തന്റെ വിളിയനുസരിച്ച് പ്രവർത്തിക്കുന്നതിനു അചഞ്ചലമായ സഹായമായി രുന്നു സാറ. അബ്രഹാം അബീമേലക്കിന് സാറയെ തന്റെ സഹോദരിയായി മനസ്സിലാക്കിക്കൊടു ത്തപ്പോഴും അതിന്റെ ദുഷ്ഫലങ്ങൾ അനുഭവിക്കുന്നതിനു സാറ സ്വയം വിധേയപ്പെട്ടു.

1 കൊരിന്ത്യർ 11:12–16 ൽ പൗലൊസ് ആരാധനസമയത്തു സ്ത്രീ മൂടുപടം ഇടേണ്ടതാ ണെന്നു പറയുന്നു. അപ്പൊസ്തലാധികാരത്തെ വെല്ലുവിളിച്ച കലഹക്കാരി സംസ്ക്കാരമുള്ള സ്ത്രീകൾ കൊരിന്ത് സഭയിലുണ്ടായിരുന്നു. കൂട്ടായ്മകൾക്കു ക്രമം ആവശ്യമാണല്ലോ. പൗലൊ സിന്റെ അഭിപ്രായത്തിൽ മൂടുപടം ഇടുന്നതിനെ എതിർക്കുന്ന സ്ത്രീകൾ തങ്ങളുടെ സ്ത്രീത്വത്തെ നിഷേധിക്കുകയാണ്. കൊരിന്തിൽ വേശ്യാസ്ത്രീകൾ തെരുവിലൂടെ മൂടുപടമില്ലാതെയായിരുന്നു സഞ്ചരിച്ചിരുന്നത്. അതുപോലെ അവമതിക്കപ്പെടുവാൻ ഇടയാകാതെ കുലീനസ്ത്രീകളായി തന്നെ, സ്ത്രീകളെന്ന തങ്ങളുടെ തനിമയെ സംരക്ഷിക്കുന്നതിനാണ് അപ്പൊസ്തലൻ ഉപദേശിച്ചത്. പൗലൊസ് അപ്പൊസ്തലൻ ഇന്നു കൂട്ടായ്മകളിൽ വരുകയാണെങ്കിൽ സ്ത്രീകളോടു പുരുഷ വേഷം ധരിക്കാതെ മാന്യമായ രീതിയിൽ സ്ത്രീകളുടെ വേഷം ധരിക്കുവാൻ ഉദ്ബോധിപ്പിക്കുമാ യിരുന്നു.

ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ പ്രമാണരേഖയാണ് "അതിൽ യെഹൂദനും യവനനും എന്നി ല്ല, ദാസനും സ്വതന്ത്ര്യനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങളെല്ലാവരും ക്രിസ്തുയേ ശുവിൽ ഒന്നത്രേ:" ഗലാ 3:28. ഇവിടെ ഉല്പത്തി 3–ൽ ചിത്രീകരിച്ച സ്ത്രീയും പുരുഷനും തമ്മി ലുള്ള സംഘർഷാവസ്ഥ ക്രിസ്തുവിൽ ഇല്ലാതെയാകുകയാണ്. മുൻപു സൂചിപ്പിച്ചതുപോലെ സ്ത്രീപുരുഷബന്ധം തിരുവെഴുത്തുകളിൽ പ്രത്യക്ഷപ്പെടുന്ന രണ്ടു ക്രമങ്ങളിലാണ് പ്രതിഫലി

ക്കുന്നത്; സൃഷ്ടിയിലും വീണ്ടെടുപ്പിലും. വീഴ്ചയോടുകൂടി സ്ത്രീയുടെ സ്ഥതി വിധേയത്വമായി ത്തീർന്നു. എന്നാൽ ഇതു വീണ്ടെടുപ്പിൽ ആകട്ടെ സ്വേച്ഛയാ ഉള്ള കീഴ്പ്പെടലായി മാറി. വീണ്ടെ ടുപ്പിന്റെ ക്രമത്തിൽ സ്ത്രീയെന്നതു ഭർത്താവിനു ഒരുതുണ എന്നതിൽ അധികമാണ്. ക്രിസ്തു വിൽ അവൾ ഒരു സഹോദരിയാണ്; കുടുംബത്തിന്റെ ആദ്ധ്യാത്മിക നേതൃത്വത്തിന്റെ ഭാഗഭാക്കും.

ഉല്പത്തി 1:28–ൽ ഭൂമിയെ നിറഞ്ഞു അതിനെ അടക്കിവാഴാനുള്ള കല്പന ദൈവം നൽകിയതു സ്ത്രീക്കും പുരുഷനും ഒരുമിച്ചായിരുന്നു. കുഞ്ഞുങ്ങളെ ശിക്ഷിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യേണ്ട ചുമതല അപ്പനും അമ്മയ്ക്കും ഉണ്ട്. സദൃ 1:8, എഫെ 6:1–4. സാമർത്ഥ്യമുള്ള ഭാര്യ ഗൃഹത്തിനകത്തും ജോലിചെയ്യുന്നു. സദൃ 31:10. സ്വന്തം മുന്തിരിത്തോട്ടങ്ങളും ഉത്തമഗീതം 1:6, ആടുകളും ഉത്തമഗീതം 1:8 സ്ത്രീകൾക്കുണ്ടായിരുന്നു.

ലുദിയ രക്താംബരം കച്ചവടം ചെയ്തിരുന്നു. അപ്പൊ 16:14. അക്വിലാസിന്റെ ഭാര്യ പ്രസ്കില്ല ഒരു കൂടാരപ്പണിക്കാരിയാണ്. അപ്പൊ 18:23. അനന്യാസ് എന്ന പുരുഷൻ തന്റെ ഭാര്യയായ സഫീരയോടുകൂടിയാണ് അപ്പൊ 5:1 നിലം വിറ്റത്. കുടുംബപരിപാലനത്തിലും തൊഴിൽരംഗങ്ങളിലും പുരുഷന് സഹായിയായി പ്രവർത്തിക്കുന്ന അനേകം സ്ത്രീകളെ നാം തിരുവെഴുത്തുകളിൽ കാണുന്നു.

സ്ത്രീ പുരുഷബന്ധത്തെ സംബന്ധിച്ചുള്ള പൗലൊസിന്റെ നിലപാട് യെഹൂദാറബ്ബിമാരുടെ പാരമ്പര്യത്തിൽ നിന്നും യവന, റോമ സംസ്കാര പശ്ചാത്തലത്തിൽ നിന്നും പാടെ വിഭിന്നമായിരുന്നു. റബ്ബിമാരുടെ കീഴ്വഴക്കത്തിൽ സ്ത്രീയെ ഒരു പ്രത്യേക വ്യക്തിയുടെ ഭാര്യ എന്ന നിലയിലേ സംബോധന ചെയ്തിരുന്നുള്ളൂ. എന്നാൽ റോമാലേഖനത്തിൽ (റോമ 16) പൗലൊസ് സ്ത്രീകളെ പേരുപറഞ്ഞ് അഭിവന്ദനം ചെയ്യുന്നു. ഗ്രേക്കരുടെ ഇടയിൽ പുരുഷന്മാരും സ്ത്രീകളും ഒരുമിച്ച് ഭക്ഷണം കഴിക്കുകപോലും ചെയ്യുമായിരുന്നില്ല. സ്ത്രീകൾ അടച്ചിടപ്പെട്ടിരുന്ന ഗൃഹങ്ങൾക്കു വെളിയിലായിരുന്നു പുരുഷന്മാർ അധികസമയവും ചെലവഴിച്ചിരുന്നത്. ഭർത്താക്കന്മാരും ഭാര്യമാരും ബുദ്ധിപരമായ സംഭാഷണങ്ങളിൽ ഏർപ്പെടുന്നത് നിരുൽസാഹപ്പെടുത്തിയിരുന്നു. ഇതിനു നേർവിപരീതമായി ആത്മീയകാര്യങ്ങളിലെ സംശയം ഭർത്താക്കന്മാരോടു ചോദിക്കുവാൻ പൗലൊസ് സ്ത്രീകളെ ഉദ്ബോധിപ്പിച്ചു. 1 കൊരി 14:35. കുടുംബത്തിലും ആരാധനയിലും ഭാര്യമാരും ഭർത്താക്കന്മാരെയും പങ്കെടുക്കുന്നതിനു അപ്പൊസ്തലൻ നിർദ്ദേശിച്ചു. വിവാഹത്തിൽ സ്ത്രീയുടെയും പുരുഷന്റെയും സമത്വം അദ്ദേഹം സ്പഷ്ടമാക്കി. 1 കൊരി 7:3–5.

സ്ത്രീപുരുഷവ്യത്യാസം നിത്യതയിലും നിലനിൽക്കുന്നതാണ്. യേശു ഒരു പുരുഷനായിത്തന്നെ ഉയിർത്തെഴുന്നേറ്റു. ഹാനോക്കും ഏലീയാവും പുരുഷന്മാരായിത്തന്നെ സ്വർഗ്ഗത്തിൽ എടുക്കപ്പെട്ടു. ഏലീയാവും മോശയും പുരുഷന്മാരായിത്തന്നെ മറുരൂപമലയിൽ പ്രത്യക്ഷപ്പെട്ടു. നിത്യത ഒരിക്കലും സ്ത്രീപുരുഷ വിഭജനത്തെ ഇല്ലാതാക്കുന്നില്ല. എന്നാൽ ദൈവത്തിന്റെ നിത്യരാജ്യത്തിൽ പ്രത്യുൽപ്പാദകലൈംഗികത ഉല്ലംഘിക്കപ്പെടുന്നതായിരിക്കും. മത്താ 23:22–23, ലൂക്കൊ 20:27–36.

തിരുവെഴുത്തുകളിൽ സ്ത്രീയുടെ പദവി നിർണ്ണയിക്കപ്പെടുന്നതു അവൾക്കു ദൈവത്തോ

ടുള്ള ബന്ധത്തിലാണ്. പിന്നിയ തലമുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ട ല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്ക് ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെ കൊണ്ടത്രെ അലങ്കരിക്കേണ്ടത്. 1 തിമൊ 2:10 എന്ന വാക്യത്തിൽ ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു നല്ല ആലോചന അപ്പൊസ്തലന്മാർ നൽകിയിട്ടുണ്ട്. പൊതുവിലുള്ള സ്ത്രീക ളോടല്ല അപ്പൊസ്തലനിതു പറയുന്നത്. വിശ്വാസത്തിൽ മാതാവായ ക്രൈസ്തവസ്ത്രീയോടാ ണ്. ജഡത്തിൽ മാതാവാകുന്നതിനു മുമ്പു തന്നെ അവൾ വിശ്വാസത്തിൽ മാതാവായിക്കഴിഞ്ഞു. അധികം സ്ത്രീകളും ക്രിസ്തീയ മാതാക്കളെന്ന നിലയിൽ തങ്ങളുടെ കർത്തവ്യം നിറവേറ്റുന്ന തിലൂടെ തങ്ങളുടെ രക്ഷയുടെ സന്തോഷം അനുഭവിക്കും.

എല്ലാ സ്ത്രീകളും കുഞ്ഞുങ്ങളെ പ്രസവിക്കുകയും മാതാക്കളായിരിക്കും ചെയ്യണമെന്നു അപ്പൊസ്തലൻ പറയുന്നില്ല. സാക്ഷാൽ വിധവയും ഏകാകിയുമായവൾ ദൈവത്തിൽ ആശവെച്ചു രാപ്പകൽ യാചനയിലും പ്രാർത്ഥനയിലും ഉറ്റുപാർക്കണം. 1 തിമൊ 5:5. വിവാഹം കഴിയാത്തവൾ ശരീരത്തിലും ആത്മാവിലും വിശുദ്ധയാകേണ്ടതിനു കർത്താവിനുള്ളതു ചിന്തിക്കുന്നു. 1 കൊരി 7:34 എന്നിങ്ങനെ അവിവാഹിതരായ അപ്പൊസ്തലൻ പുകഴ്ത്തുന്നു. മത്തായി 19 ൽ വിശുദ്ധവി വാഹത്തിനായും ബ്രഹ്മചര്യത്തിനായും ഉള്ള വ്യത്യസ്ത വിളികളെക്കുറിച്ചു കർത്താവ് പറയു കയും സ്വർഗ്ഗരാജ്യം നിമിത്തം വിവാഹം ഉപേക്ഷിച്ചവരെ അംഗീകരിക്കുകയും ചെയ്യുന്നത് ഇതി നോടൊപ്പം ചിന്തിക്കേണ്ടതാണ്. ഫിലിപ്പൊസ് എന്ന സുവിശേഷകനു കന്യകമാരും പ്രവചിക്കു ന്നവരുമായ നാലുപുത്രിമാർ ഉണ്ടായിരുന്നു. അപ്പൊ 21:9.

വിശ്വാസികളുടെ കൂട്ടത്തിൽ മൂത്തസ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയസ്ത്രീകളെ പൂർണ്ണനിർമ്മലതയോടെ സഹോദരികളെപ്പോലെയും 1 തിമൊ 5:2 കരുതേണ്ടതാണ്. കർത്താ വിന്റെ വാക്കുകൾ ഇതിനെ സ്പഷ്ടമാക്കുന്നു. "അവൻ പുരുഷാരത്തോടു സംസാരിച്ചുകൊണ്ടി രിക്കയാൽ അവന്റെ അമ്മയും സഹോദരിമാരും അവനോടു സംസാരിപ്പാൻ അഗ്രഹിച്ചു പുറത്തു നിന്നു. ഒരുത്തൻ അവനോടു: നിന്റെ അമ്മയും സഹോദരിമാരും നിന്നോടു സംസാരിപ്പാൻ ആഗ്ര ഹിച്ചു പുറത്തു നില്ക്കുന്നു എന്നു പറഞ്ഞു. അതു പറഞ്ഞവനോടു അവൻ : എന്റെ അമ്മ ആർ എന്റെ സഹോദരിമാർ ആർ എന്നു ചോദിച്ചു. ശിഷ്യന്മാരുടെ നേരെ കൈനീട്ടി: ഇതാ, എന്റെ അമ്മയും എന്റെ സഹോദരന്മാരും. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു. മത്തായി 12:46-50. സ്ത്രീജനം ബലഹീനപാത്രമാണ്. 1 പത്രൊസ് 3:7. കായബലത്തിൽ പുരുഷന്മാരെക്കാൾ ദുർബ്ബ ലരാണവർ. എന്നാൽ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികളത്രേ. ഭാര്യയും ഭർത്താവും തമ്മിലുള്ള തുല്യതയത്രേ ക്രിസ്തുവിലൂടെ ലഭിച്ചിരിക്കുന്നത്.

## ജാമക്കാരൻ PDF ൽ

ജാമക്കാരൻ PDF ൽ വായിക്കാനും, Download ചെയ്യാനും, കോപ്പികൾ എടുത്ത് വിതരണം ചെയ്യാനും ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇ-മെയിൽ ഐ.ഡി ഞങ്ങളുടെ ഇ-മെയിൽ വിലാസ ത്തിലേക്ക് അയച്ചുതന്നാലും. അത് മാസിക കൈയ്യിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാ ക്കാനും, format ചെയ്ത് അനേകർക്ക് എത്തിച്ച് ഈ ശുശ്രൂഷയെ സഹായിക്കാനുമാകും.

# GUIDING CHURCHES? OR RITUALISTIC TEMPLES?

“Are there any Churches or Assemblies that function on the basis of Christian truth at least to certain extent in today’s Christian world?- This question crops up in many hearts. It is in deed a big question as to whether there are any Churches that follow the laws of truth at least to certain extent. To show a Church or Assemblies that function on the basis of New Testament laws is comparable to finding a fountain or streem in the midst of the Arabian desert.

Recently a brother spoke about the present state of Christian Churches. It was his question, why there are series of so many unsolvable problems and visions in Christian Churches?. He sought to find answers for questions like “Why the pastor of the Church behaves like this? Why the Church Committe members are so rebellious? Why the congregation does not know to discern what is right or wrong and act accordingly ?

I explained to him thus why so many fights in Holy Places which are called Churches or Assemblies ? why this much of enmity and hatred? why these divisions? why such ungodly behavior with no fear of God ? Why the Chures have becomes places of anger, haterd and bitterness instead of places for love and fellowship? All these are not Churhes. Such problems persist since they are not the Churches formated on the Bible.

**Church is......**

In a Church the works of the Lord could be seen; the voice of the God could be heared; the fellowship of brothers could be enjoyed; a peaceful situation could be experienced; Gos’s presence could be felt; good examples could be seen; people who help each other could be seen; those who are humble, loving, honest, virtuous, morally, good and Holy could be seen. There may be certain short commings but, if these futuers and identities are not there they are Churches. Thats why they are not able to exist without fights.

What is meaning of saying I didn’t get food in the parmacy, I didn’t get madicine in the restaurent; i didn’t get a good preaching in education centre in didn’t get any peaceful atmosphere in the playground ? if we expect things in the place where they could not be expected, we would be disappointed. The above mentioned problems occur only because of the failure of the organisation to function as an assembly :

I had a regret since a long time. People are under the wrong assumption that gathering of churches is service for God and the church building is the place of God’s presence. I have felt bad that this is a wrong under standing . Churches are different from assemblies; gathering is different from gathering for service to god . But most of the christians consider assembly as a church and gathering of assembly as service.

But now I don’t have that regret. Today, the assemblies in christian world are merely churches. Most of today’s christians have the habit of gathering to worship and not to gather as

an assembly . The churches of these days are not Biblical. They are mere churches where holy standard of actions could not be expected. Today's christians do not go to churches to gather as assembly. They go only to do service to god or to worship Him. In such people who go to conduct expect holy discipline and high qualities about which the Bible speaks.

Church is believed by the people to be a place where god dwells. It is a place where the believers of God go to worship Him. Here anybody can go - In whatever state he may be. All that is needed here is piety . Here the attention of the people is to give priority to God by worshipping Him. Here a leader or a conductor of service would be there and it is enough if he knows the order of service.

These days, devotees who have belief on Christ go to the places called churches. Church workers who are called under the names ' pastor or reverend or priest' are there to help them in the service. Like the poojare in other religions, these people are accustomed to conducted service. Pastors or priest are appointed to lead the worship or service for the people who go therh out of piety.

**Religious comittees...**

Godliness or devotion is enough for those who go for the assemblies should have the salvation experience ( Act 2:47). It is enough for the pious people to have the belief that God is there in the church. But those who are believers of assmebly should have the assurance that God is with them. (I Corinthians 3:16). Devotees are satisfied by merely participating in the church service. But the believers of the assembly, which is Christ's body, would be satisfied only if they functions as a member of his body. Devotees need a church atmosphere. Believers need a holy atmosphere. Devotees need only noisy songs, and worship. Believers need spirtual food which is God's words. Devotees go to see or feel God in church; believers go to manifest God. Devotees need a good service leader; believers need a good shepherd who would guide them in the right path. Devotees are not concerned about person who conducts the believers expect hte pastor to be a good example and lead them in the ways of truth.

Observe today's churches with these fundamental facts. They are not assemblies that function as Christ's body but are spots or places of worship and religious rituals. Here things related to devotion happen. But there is nothing holy. Here services are conducted but God is not gloprified (Isaiah 29:13)

Today, the committees of Christian religious centres call themselves to be churches. Here salvation is not given priority. Christian ways are not given importance. The experience of believers getting united as members of christ's body and funtioning with unity is not given significance.

Look at the state of today's mainline churches such as C.S.I, Lutheran, Methodist, C.N.I, Anglican, Baptist and so on. The churches of these established are mainly led by (expect few but most of the) Bishops, Pastors and deacons who do not have the salvation experience which is the basic qualification of a Christian. How can these churces which are not by the bishops , pastors and deacons who have not fully committed to walk in christ's way its be real churches of the Bible? How can holiness be seen in these churches which are predominantly led by unsaved Bishops ,Pastors and deacons ? Here how can the people be the members of christ's

body ? Today, how many believers of mainline Churches can say that they are led by the pastors who have the born again experience and who have the habit of walking in the ways of the Lord? Most of the pastor's who have chosen the shepherd's post in the churches like C.S.I, work as poojaries who fulfil their religious duties or as temple priests who conduct the service. Their theological degree has got them the post of the church leader. But they do not have salvation they do not have the experience of sanctifaction; they are not used to walking in Christ's way of truth; they do not know to set a good example for their flocks.

They do not have the spritual experience of waiting in God's presence and giving the people his word. They do not the thrist to lead the people in the truth.

## *Spiritual experience*

When those who do not have the essential experiences of being born again, of preaching mighty word of God, of living an exemplary life before ohters act as Bishops and Reverends or deacons, such churches would not be churches at all. Rather they are more religious centres. It is wrong for anyone, who is a member of such church lead by such leaders to consider themselves to be a member of a church.

These are not churches; those who lead such churches are not leaders. The idea of the members of these churches that they are part of it is wrong. Anybody can go to conduct services in religious places. But only pastors with spiritual experience can lead true churches.

It is because churches do not function as spiritual churches according to laws of truth of New Testament. Divisions, differences of opinion, fights, enmity, envy, corruption, immorality, discrimination of caste, politics confusions, opportunism, court cases etc., have become permanent symbols of churches.

As long as churches do not step out of the Old Testament form of 'Church' and enter into the New Testament basis of truth, Such unwanted things would not cease.

Will we accept someone who has not done medicine as a doctor? Would we accept someone, who is not educated as a teacher?

Will we travel by a vehicle the driver of which does not hold a driving license? Will we trust someone who does not have the fundamental experience in construction works to build a house? But we willingly accept someone who is not cleansed by the blood of Jesus Christ and has salvation experience, who is not led by the spirit of god, who does not have the testimonal life and who does not have the habit of living in fellowships with God as Bishop. Reverends and administrators. What does this mean?

We are joined not in an assembly structure but in a religious centre. That's all! Pastors with no experience of being lead by the spirit of God are enough to run an establishment .

When those who do not have this experience are the members of such churches, no good could be seen there. We may ask why such things happen in churches are not actually those who have salvation are not there in the churches. These are the reasons.

vvvvvvvvvvvv

# തൂത്തുക്കുടി സി.എസ്.ഐ ഡയോസിസ്

## സി.എസ്.ഐ മെയ്ജ്ഞാനപുരം 170-ാം സഭാവാർഷിക കൺവെൻഷൻ





തിരുനെൽവേലിയിൽ നിന്നും ആദ്യമായി വന്ന മിഷണറി റവ.റേണിയർ, മിഷണറി റവ. ജോൺ തോമസ് ഈ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ വന്നപ്പോൾ അവിടത്തെ ഹൈന്ദവ പൂജാരിയുടെ ഏക മകൻ പാമ്പു കടിയേറ്റ് മരണാസന്നനായിരുന്നു. മിഷണറി തോമസ് അവർകൾ ഒരു ചെറിയ കത്തികൊണ്ട് പാമ്പു കടിയേറ്റ ഭാഗത്തെ കീറി രക്തം വായ്കൊണ്ട് ഊറ്റി തുപ്പി, അല്പനിമിഷങ്ങൾക്കകം ബാലൻ രക്ഷപ്പെട്ടു. ഉടനെ തന്നെ ആ പൂജാരിയും കുടുംബവും, ആ മിഷണറിയോട് നിങ്ങൾ ഏതു ആത്മാവോടാണ് ബന്ധപ്പെട്ട് എന്റെ മകനെ സൗഖ്യപ്പെടുത്തി യെന്ന് ചോദിച്ചു. അപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ച് അവരോടു പറഞ്ഞു. ആ കുടുംബത്തിൽ എല്ലാവർക്കും ആ മിഷണറിയെ ഇഷ്ടപ്പെട്ടു. അതിനുശേഷം ഇടയ്ക്കിടെ മിഷണറിമാർ ഈ ഗ്രാമത്തിൽ വന്ന് യേശുക്രിസ്തുവിനെക്കുറിച്ച് സുവിശേഷിച്ചു. പൂജാരിയുടെ കുടുംബത്തോടൊപ്പം മറ്റു മൂന്നു കുടുംബങ്ങളും ചേർന്ന് യേശുക്രിസ്തുവിനെ സ്വീകരിച്ച് സ്നാനം ഏറ്റു. അവർ ഒരു മിച്ച് ഒരു കുടിലിൽ വെച്ച് ആദ്യമായി ഒരു ആരാധന തുടങ്ങി. ഈ നാലു കുടുംബങ്ങൾക്കു വേണ്ടി മാത്രം ദൈവത്തെ ആരാധിക്കുവാൻ ഉണ്ടാക്കിയതാണ് പടത്തിൽ കാണുന്ന ഈ വലിയ പള്ളി. നാലു കുടുംബങ്ങൾ സഭാംഗങ്ങളായി ഉണ്ടായിരുന്നപ്പോഴെ 700 പേർക്കിരിക്കുവാനുള്ള പള്ളി പണിതത് ഈ മിഷണറിമാരുടെ ദീർഘവീക്ഷണവും വിശ്വാസത്തെയും കാണിക്കുന്നു. ദൈവം അവരുടെ വിശ്വാസത്തെ മാനിച്ച് ഇന്ന് 800 കുടുംബങ്ങൾ ആ സഭയിൽ വന്ന് ദൈവത്തെ ആരാധിക്കുന്നു. ആ സഭയോട് ചേർന്നുള്ള മൈതാനത്തുവച്ചാണ് എന്റെ 4 ദിവസത്തെ യോഗം നടന്നത്. ഈ യോഗങ്ങളുടെ ഉദ്ഘാടനം ബിഷപ്പാണ് നടത്തിയത്. ഈ നാലു ദിവസങ്ങളിലും എന്റെ പ്രസംഗവിഷയം ഇന്ത്യയിൽ നടന്നുവന്ന് (വാഹനസൗകര്യം ഇല്ലാത്ത കാലത്ത്) സുവി ശേഷം അറിയിച്ച മിഷണറിമാരുടെ പ്രതീക്ഷകളും അവർ ചെയ്ത കഠിനാദ്ധ്വാനങ്ങളും പ്രസംഗ മദ്ധ്യേ ഞാൻ സൂചിപ്പിച്ചു. ആ പ്രസംഗം കേട്ട് 19 യുവാക്കൾ മിഷണറി പ്രവർത്തനത്തിന് സമർപ്പി ച്ചുകൊണ്ട് മുന്നോട്ടുവന്നു. ആ യോഗത്തിൽ പല അത്ഭുതങ്ങളും നടന്നു. ദൈനാമം മഹത്വപ്പെട്ടു.

# BANK ACCOUNT NUMBERS:

## Dr. M.G.E. PUSHPARAJ

SALEM -636 005. INDIA

**STATE BANK OF INDIA**(SALEM-1970)
**A/C No: 10764116842**
SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM**
(SURAMANGALAM BRANCH)
**A/C No: 1219101013622.**
SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

**STATE BANK OF TRAVANGORE**
(SALEM BRANCH CODE - 70328)
**A/C No: 57041760879.**
SWIFT CODE - SBTR0000328- 57041760879
IFSC CODE SBTR0000328, RBCMS BXX - 57041760879.

**SYNDICATE BANK**
(SALEM SURAMANGALAM BRANCH)
**A/C.No: 2200009312.**
SWIFT CODE - SYNBINBB027 6293-2200009312.
IFSC CODE - SYNB0006293-2200009312.

**INDIAN OVERSEAS BANK**
**SALEM MAIN**
**A/C/NO.008001000024114**
IFSC CODE – IOBA0000080

# Brief Prayers:

Prayer is the generator as well as the channel of devotion.

= Our Lord Jesus Christ warned against long, wordy, and flowery prayers. Some of the most remarkable prayers are one liners. Let us remember Peters famous prayer 'Save me,Lord' as he was sinking in the lake,or Pauls,Lord, what wilt thou have me to do? If we could make the following prayers our own, we will indeed be blessed of God.

= God help us not to despair of oppose what we do not understand. - William penn(1644-1718)
= O Lord, that lends me life, lend me a heart replete with thankfulness. - William Shakespeare
= O God, I thank you for all the joy and sorrows I have in life.
= Give us this day our daily discovery
= Grant us grace, Almighty Father, so to pray as to deserve to be heard. - Jane Austen(1775-1897)
= Lord, help me to say "Yes"
= Lord, make me willing to be willing, to do thy will.
= Help me to keep the promises I make to you, O God.

- Selected


MAY 2017

Printed Book

RNI Reg. No. TNBIL/2016/70171

Annual Subscription:
India - Rs.60/
Foreign - Rs.600/

Return Requested:

Dr.PUSHPARAJ
SALEM - 636 005
INDIA.

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.